KNANAYADEEPAM

SINCE 1989


# ക്നാനായ ദീപം

Vol: 31 / Issue: 12 December 2020 ₹ :15/-



## 5 – ാം ചരമവാർഷികം

29 – 12 – 2020



# കെ. യു. തോമസ്

(കുളങ്ങര സാർ)

കുളങ്ങര, ചിങ്ങവനം

**Conso Group, Chingavanam**

Advt - G

# ക്നാനായ ദീപം

SINCE 1989

2020 ഡിസംബർ പുസ്തകം 31 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

ഇമ്മാനുവേൽ ദൈവം നമ്മോടുകൂടെ 06
ഡോ. ഗീവർഗീസ് മാർ അപ്രേം മെത്രാപ്പോലീത്ത

സമുദായ വാർത്തകൾ 08
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

വയറ്റിപ്പിഴപ്പോ രാഷ്ട്രനിർമ്മാണമോ രാഷ്ട്രീയം? 10
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

കരുതൽ 17
കെ.കെ. കുറിയാക്കോസ് കൂർക്കക്കാലായിൽ

ദേശീയ വിദ്യാഭ്യാസ നയം 2020 18
ഡോ. രോണി ജയിൻ രാജു

ഝാൻസിറാണി ലക്ഷ്മിബായ് 19
എബി

അറിവാണ് ശക്തി 20
റ്റി. സി. തോമസ് തോപ്പിൽ

ക്രിസ്തുമസ് ഗാനം 21
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്

22 നക്ഷൽ ബാരിയിൽ ഒരു രാത്രി
ഏബ്രഹാം കല്ലിശ്ശേരി

24 സഹനം
ജയ്നമ്മ മർക്കോസ്

25 ക്രിസ്മസ് ആഘോഷത്തിന്റെ ചരിത്രമെന്ത്?
മല്പാനാട് ചോദിക്കാം

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ് ഉത്തരങ്ങൾ

26 ക്രിസ്തീയ ദൗത്യം
ആൻഡ്രൂസ് പി. ജോർജ്ജ്

35 ഏവൻഗേലിയോൻ ദീപം
ഫാ. ഷിജു തോമസ് കല്ലേലിൽ

37 ആമയും, മുയലും
റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

39 മാട്രിമോണിയൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Visit www.**
**knanayadeepam.in**



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ചരിത്രത്തിന്റെ മുന്നോട്ടുള്ള ചലനത്തിൽ ഒരിക്കൽകൂടി ക്രിസ്തുമസ് സമാഗതമാകുന്നു. ശാന്തിയുടെയും സമാധാനത്തിന്റെയും മധുരമായ സന്ദേശം പരത്തിക്കൊണ്ട് സംഘർഷങ്ങളും സംഘട്ടനങ്ങളും പകർച്ച വ്യാധികളും മുറ്റി നിൽക്കുന്ന സമൂഹത്തിൽ സമാധാനത്തിന്റെ പൊന്നലകൾ സൃഷ്ടിക്കുന്ന പുണ്യസന്ദർഭമാണ് ക്രിസ്തുമസ്. അതിന്റെ മാറ്റൊലി ഭിഗന്തങ്ങളിൽ മുഴങ്ങുന്നു. ക്രിസ്തുമസ് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ഒരു സുദിനമാണ്. ലോകത്തിലെ ഏറ്റവും അധികം ആളുകൾ ആഘോഷിക്കുന്ന ഒരു ഉത്സവമായി ഇത് തീർന്നിട്ടുണ്ട്. വളരെയധികം ധനവും സമയവും പ്രയത്നവും ഒക്കെ ചെലവഴിച്ച് മനുഷ്യർ തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുന്നു. എന്നാൽ ക്രിസ്തുമസിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് എത്ര പേർ സന്തോഷിക്കുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. സർവ്വ ലോകത്തെയും രക്ഷിക്കുന്ന ക്രിസ്തു എന്ന രക്ഷിതാവ് ജനിച്ചിരിക്കുന്നു എന്നതാണ് സന്തോഷത്തിന്റെ അടിസ്ഥാനം.

ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം യേശുക്രിസ്തു വെളിപ്പെടുത്തിയതിലൂടെ രക്ഷ നമുക്ക് സാദ്ധ്യമാക്കിത്തന്നു. ഇവിടെയാണ് വചനം ജഢമായി തീർന്നു എന്നു യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നത്. അതിനെക്കുറിച്ച് നമുക്ക് അല്പം ചിന്തിക്കാം.

എന്താണ് വചനം?. ലോഗോസ് എന്ന ഗ്രീക്ക് പദമാണ് വി. യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത്. ഈ ലോഗോസ് എന്ന പദത്തിൽ ദൈവത്തിന്റെ ജ്ഞാനം വിവേചന ബുദ്ധി എന്നിവ മറഞ്ഞിരിക്കുന്നു. ഈ വചനം നിത്യമാണെന്ന് തത്വചിന്തകനായ ഫൈലോ പ്രസ്താവിച്ചു. ദൈവത്തിന്റെ ജ്ഞാനമായി എപ്പോഴും അവനോടുകൂടെ വസിക്കുന്ന സൃഷ്ടിശക്തിയുള്ള വചനം ക്രിസ്തുവാണ്. ആ വചനം ശബ്ദത്തേക്കാൾ ഉപരി ദൈവത്തിന്റെ പ്രവർത്തിയാണ്. (ഉല്പ.1:3), ദൈവത്തിന്റെ വെളിപ്പെടുത്തലാണ്. (ആമോസ് 3:7), ആ വചനം വീണ്ടെടുക്കുന്നതാണ്. (സങ്കീ.107:19). അവനാണ് സൃഷ്ടിയുടെ കാരണഭൂതൻ (ഉല്പ.1:1, കൊലോ. 1:16).

ദൈവത്തിന്റെ വാക്കുകളും പ്രവർത്തനങ്ങളുമായി പൊരുത്തമുള്ളതാണ്. പറയുന്നതും പ്രവർത്തിക്കുന്നതും രണ്ടു വിധത്തിലായിരിക്കുന്ന മനുഷ്യരെപ്പോലെ അല്ല ദൈവം. തന്റെ ഹൃദയത്തിന്റെ സ്ഥിതിയാണ് വാക്കുകളിലും പ്രവർത്തികളിലും കാണുന്നത്.

**1). വചനം (ക്രിസ്തു) ആദിയിൽ ഉണ്ടായിരുന്നു.**

സൃഷ്ടിക്കു മുമ്പേ വചനം ഉണ്ടായിരുന്നു. വചനം സൃഷ്ടിക്കപ്പെട്ടതല്ല, അതുകൊണ്ട് കാലത്തിനു മുമ്പേ ദൈവത്തോടു കൂടെ വചനം ഉണ്ടായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ സ്വഭാവം എല്ലാക്കാലത്തും യേശുവിന്റേതുപോലെ തന്നെ എന്ന് മനസ്സിലാക്കാം

**2). വചനം മനുഷ്യ ജന്മമെടുത്തു. യോഹ. 1:14.**

ക്രിസ്തു നമ്മേപ്പോലെ മനുഷ്യനായി നമ്മുടെ ഇടയിൽ താമസിച്ചു. സകല കാലത്തിനുംമുമ്പ് ദൈവത്തോടുകൂടെ സ്ഥിതി ചെയ്യുകയും, തന്റെ ചിന്തയും ജ്ഞാനവും ഇച്ഛാശക്തിയുമായി സംസാരിച്ച ദൈവവചനം ഒരു മനുഷ്യഭാവം കൈക്കൊണ്ട് നമ്മുടെ ഇടയിൽ ശക്തിയായി ജീവിച്ചു. അവൻ ദൈവമായിരുന്നു എങ്കിലും ജഢമായിത്തീർന്നു. മനുഷ്യർക്ക് പ്രചോദനം നല്കുക മാത്രമായിരുന്നില്ല പ്രസ്തുത മനുഷ്യ രൂപത്തിൽ പൂർണ്ണമായി വെളിപ്പെട്ടു. അവൻ ദൈവത്തോടുകൂടെ നിത്യത മുതൽ ഉണ്ടായിരുന്നു എങ്കിലും മനുഷ്യരോടുകൂടെ ജീവിച്ചു. അവൻ ആദിയിൽ ഉണ്ടായിരുന്നു സകലവും അവൻ മുഖാന്തിരം ഉളവായി എന്നിരുന്നാലും അവൻ മനുഷ്യനായി ജനിക്കുകയും ജീവിക്കുകയും ചെയ്തു. പാപം ഒഴികെ സകലത്തിലും മനുഷ്യനോട് താദാത്മ്യം പ്രാപിച്ചു.

**3). കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.** അവൻ വീണ്ടെടുപ്പിന്റെ കർത്താവും സാക്ഷാൽ വെളിപ്പാടുമാണ്. കൃപ എന്നുള്ളത് ദൈവത്തിന്റെ സൗജന്യമായ ഔദാര്യത്തെ ക്ഷണിക്കുകയും സ്വീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന സ്നേഹത്തേക്കുറിക്കുന്നു. അവന്റെ ഉപദേശത്തിലും പ്രവർത്തനത്തിലും മരണത്തിലും ഉയർപ്പിലും ഈ സ്നേഹം മുറ്റി നിൽക്കുന്നത് കാണാം. ദൈവത്തോട് മത്സരിച്ച് വീഴ്ച സംഭവിച്ച മനുഷ്യജാതിയെ സ്നേഹിക്കുന്ന അവർക്കായി ജീവൻ അർപ്പിക്കുന്ന മഹത്തായ സ്നേഹമാണ് അവനിൽ കാണുന്നത്. ഇതാണ് അവനിൽ നിറഞ്ഞ കൃപ. സത്യം എന്നത് ദൈവ സ്വഭാവത്തിന്റെ പൂർണ്ണമായ അനാവരണത്തെക്കുറിക്കുന്നു. ദൈവത്തിന്റെ അത്യന്തികമായ സത്യം ക്രിസ്തു തന്നെ. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു യോഹ. 14:6. യേശു പറഞ്ഞത് ഈ അർത്ഥത്തിലാണ്. സത്യത്തിന്റെ ഉറവിടം ദൈവം ആണ്. അത് മാറ്റമില്ലാത്ത സത്യം ആണ്. അത് യേശുവിലൂടെയാണ് മനസ്സിലാക്കുന്നത്. മറഞ്ഞിരിക്കുന്ന ആ മർമ്മം അവൻ ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തു സത്യത്തിന്റെ ആത്മാവ് എന്ന ഒരു കാര്യസ്ഥനേയും അവൻ നൽകി. യോഹ.14:17. ആ സത്യം സ്നേഹമേറിയതും കൃപാകരവുമായിരുന്നു.

അദൃശ്യനായ ദൈവത്തിന്റെ ആൾ രൂപമാണ് ക്രിസ്തു. പിതാവിൽ നിന്നുള്ള ഏകജാതനായവന്റെ തേജസ്സായിട്ടാണ് നാം കാണുന്നത്. അവന്റെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഈ തേജസ്സ് വിളങ്ങിക്കാണുന്നു. വചനം മനുഷ്യനായി തീർന്നതിലൂടെ യേശു സാധിച്ചത് ദൈവത്തെ വ്യക്തമായി വെളിപ്പെടുത്തുകയായിരുന്നു. പാപത്തെ വെറുക്കുന്നവനും പാപിയെ സ്നേഹിക്കുന്നവനും വീണ്ടെടുക്കുന്നവനുമായ ദൈവത്തെയാണ് യേശു കാണിച്ചത്. മനുഷ്യന്റെ പാപവും ശാപവും നീക്കി സകല ബന്ധനങ്ങളിൽ നിന്നും വിടുവിക്കാനായി ദണ്ഡനങ്ങളേറ്റ് കാൽവറിയിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇന്നും ജീവിക്കുന്നു. നിത്യജീവനും ചൈതന്യവും പകരുന്ന യേശുവിന്റെ മാംസവും രക്തവുമാകുന്ന വി. കുർബ്ബാന ഇന്നും തന്നിൽ വിശ്വസിക്കുന്നവർക്ക് കർത്താവ് നല്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് വചനം മനുഷ്യ ജന്മമെടുത്തതിനെ സർവ്വജനത്തിനുമുള്ള മഹാസന്തോഷമായി സുവിശേഷം ചിത്രീകരിച്ചിരിക്കുന്നത്. ഈ മഹാസന്തോഷം നമ്മുടെ അനുഭവമായിത്തീർന്നിട്ടുണ്ടോ. ഇല്ലെങ്കിൽ ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥശൂന്യമായിത്തീരും. അതുകൊണ്ട് സർവ്വലോകത്തിനും ഉള്ള മഹാസന്തോഷം നമ്മുടെയും സന്തോഷമാക്കി തീർക്കാം. ഏവർക്കും ക്രിസ്തുമസിന്റെ മഹാസന്തോഷവും പുതുവത്സര ആശംസകളും ആശംസിക്കുന്നു.

എന്ന്
**നിങ്ങളുടെ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



ആനന്ദഭേരി മുഴക്കിക്കൊണ്ട് വീണ്ടും ഒരു ക്രിസ്മസ്കാലം കൂടെ വരവായി.

യേശുവിന്റെ തിരുപിറവിയുടെ സമയത്ത് മാലാഖ ആട്ടിടയരോടു പറഞ്ഞ ആ മനോഹരമായ വാക്കുകൾ ഒരിക്കൽ കൂടെ നമുക്കോർക്കാം.

"മാലാഖ അവരോടു; നിങ്ങൾ ഭയപ്പെടേണ്ട. എന്തെന്നാൽ സർവ്വ ലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷമത്രെ ഞാൻ നിങ്ങളെ അറിയിക്കുന്നത്. എന്തെന്നാൽ ദാവീദിന്റെ നഗരിയിൽ മ്ശിഹാ കർത്താവായ രക്ഷകൻ ഇന്നു നിങ്ങൾക്കായി ജാതം ചെയ്തിരിക്കുന്നു" (ലൂക്കോ. 2:10-11).

ഓരോ ക്രിസ്മസ്കാലവും നമുക്കോരോരുത്തർക്കും എത്രമാത്രം സന്തോഷവും സമാധാനവുമാണ് സമ്മാനിക്കുന്നത്. പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിൽ നിലനിൽക്കുന്ന ആചാരമുണ്ട്. രാജ്യങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെങ്കിൽ ക്രിസ്മസ് കാലമാകുമ്പോൾ അവർ പരസ്പരമുള്ള ശത്രുത മറന്ന് വെടിനിർത്തൽ പ്രഖ്യാപിക്കും. ചിലപ്പോൾ യുദ്ധം തന്നെ പൂർണ്ണമായും ഉപേക്ഷിക്കും. കാരണം യേശുനാഥന്റെ തിരുപ്പിറവി അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ശക്തമായ സന്ദേശമാണ് നൽകുന്നത്.

യൂറോപ്പിൽ അനേകം വർഷങ്ങൾക്കു മുമ്പ് രണ്ട് രാജ്യങ്ങൾ തമ്മിൽ വർഷങ്ങളായി യുദ്ധത്തിലേർപ്പെട്ടിരുന്നു. തന്മൂലം രണ്ട് രാജ്യങ്ങളിലെ ജനങ്ങളും വളരെയധികം അസ്വസ്ഥരും സമാധാനം കൊതിക്കുന്നവരുമായിരുന്നു. ഇരു രാജ്യങ്ങളുടെയും അതിർത്തിയിൽ ഈ രാജ്യങ്ങൾക്ക് ദൈവാലയങ്ങൾ ഉണ്ടായിരുന്നു. ഒരു ക്രിസ്മസ് കാലത്ത് പാതിര കുർബ്ബാനയ്ക്ക് ശേഷം രണ്ട് രാജ്യങ്ങളിലേയും ജനങ്ങൾ അതിർത്തിയിലേക്ക് കടന്നുവന്നു പരസ്പരം കരങ്ങൾ നൽകി സ്നേഹം പങ്കുവച്ച് അവർ തമ്മിലുള്ള ശത്രുത അവസാനിപ്പിച്ചു ഈ കരളലിയിക്കുന്ന ഹൃദയ സ്പർശിയായ സംഭവം നേരിട്ടു കണ്ടുകൊണ്ടിരുന്ന ഇരു രാജ്യങ്ങളിലേയും സൈനികർ ഒടുവിൽ മനസ്സുമാറി അവർ അതിർത്തിയിലോട്ടു കടന്നു ചെന്ന് ആയുധങ്ങൾ താഴെവെച്ച് പരസ്പരം കണ്ണീർപൊഴിച്ച് സ്നേഹിച്ചു സ്നേഹചുംബനങ്ങൾ കൈമാറി അവരും പരസ്പരം ശത്രുത അവസാനിപ്പിച്ചു. രണ്ട് രാജ്യങ്ങളിലേയും. ഭരണാധിപന്മാരും ഈ വാർത്ത അറിഞ്ഞ് അവരും അതിർത്തിയിലെ ജനങ്ങളുടെയും പട്ടാളക്കാരുടെയും പാത പിന്തുടർന്ന് ഒടുവിൽ ക്രിസ്തുവിന്റെ കുളിർമയുള്ള ഒരു പ്രഭാതത്തിൽ ഇനി ഒരിക്കലും യുദ്ധം വേണ്ടെന്ന് രണ്ട് രാജ്യങ്ങളും സംയുക്തമായി പ്രഖ്യാപിച്ചു സ്നേഹമുള്ള അയൽക്കാരായി അവർ മാറ്റപ്പെട്ടു. അതെ ഒരു ക്രിസ്മസ് കാലത്ത് ക്രിസ്തുവിന്റെ സ്നേഹം ശത്രുതയിൽ കഴിഞ്ഞ രണ്ട് രാജ്യങ്ങളെ വശീകരിച്ച് അവരെ രമ്യതയിലാക്കി. ക്രിസ്തുനാഥന്റെ സമാധാനം നമ്മുടെ എല്ലാവിധ പ്രതിസന്ധികളെയും തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നു "സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു; എന്റെ

അമേരിക്കയും ബ്രിട്ടനും ആഴക്കടലിനടിയിലൂടെ ആദ്യമായി ആശയ വിനിമയ (വാർത്താവിനിമയ) ബന്ധം സ്ഥാപിച്ചപ്പോൾ അവർ ആദ്യമായി കൈമാറിയ സന്ദേശം വി. ലൂക്കോസിന്റെ സുവിശേഷത്തിലെ ഒരു വചനഭാഗമായിരുന്നു. അത് ഇപ്രകാരമായിരുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" (ലൂക്കോ. 2:14). രാഷ്ട്രങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും എല്ലാക്കാലത്തും ഉണ്ടാകേണ്ടത് സമാധാനപൂർണ്ണമായ സഹവർത്തിത്വമാണ്, യേശുക്രിസ്തുവിന് മാത്രമേ യഥാർത്ഥ സമാധാനം ലോകത്തിന് സമ്മാനിക്കാനാവൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയതിനാലാണ് വളരെ ചിന്തിച്ച് ആലോചിച്ചു യേശുവിന്റെ ജനന സമയത്ത് മാലാഖ ആട്ടിടയന്മാരോടു പറഞ്ഞ അതേ വാക്കുകൾ തന്നെ ഞങ്ങൾ തെരഞ്ഞെടുക്കാൻ കാരണമെന്ന് പിന്നീട് അമേരിക്കയുടെയും ബ്രിട്ടന്റെയും ഭരണാധിപന്മാർ ലോകത്തിന് മുമ്പിൽ വെളിപ്പെടുത്തി.

ഈ കാലഘട്ടം വളരെ കലുഷിതമായ ഒരു അന്തരീക്ഷത്തിലൂടെ കടന്നുപോവുകയാണല്ലൊ. ലോകം മുഴുവൻ കോവിഡ്-19 എന്ന സാംക്രമിക രോഗം മൂലമുള്ള ബുദ്ധിമുട്ടുകൾ ഒരു വശത്ത്, സാമ്പത്തിക മേഖലയിലുള്ള തകർച്ച, തൊഴിൽ നഷ്ടങ്ങൾ, വിശ്വാസികൾക്ക് ദൈവാലയത്തിൽ ആരാധനയിൽ പങ്കെടുക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ മൂലമുള്ള പ്രയാസങ്ങൾ, മറ്റേതൊരു കാലഘട്ടങ്ങളേക്കാൾ മനുഷ്യ മനസ്സുകളിലുണ്ടായിരിക്കുന്ന ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ, ക്രൈസ്തവരുടെ ഇടയിൽ പോലുമുള്ള തർക്കങ്ങളും, അനൈക്യങ്ങളും മറുവശത്ത്. ഈ പ്രത്യേക കാലഘട്ടത്തിൽ പ്രത്യാശയുടെ പൊൻപുലരിയുമായി നമ്മൾ ഓരോരുത്തരുടെയും ഹൃദയത്തിൽ

ശേഷം 7 - ാം പേജിൽ



ക്രിസ്തുമസ് സന്ദേശം

# ഇമ്മാനുവേൽ ദൈവം നമ്മോടുകൂടെ

ഡോ. ഗീവർഗീസ് മാർ അപ്രേം മെത്രാപ്പോലീത്താ
(കോട്ടയം രൂപത സഹായമെത്രാൻ)

ഈ കോവിഡ് മഹാമാരിയുടെ കാലത്ത് ഒരിക്കൽക്കൂടി ക്രിസ്തുമസ് സമാഗതമായി. മനുഷ്യന്റെ സമസ്തമേഖലയിലും ഈ മഹാമാരി ഇന്ന് ദുരിതം വിതച്ചിരിക്കുകയാണ്. എന്നാൽ ഈ സ്ഥിതി വിശേഷത്തിന്റെ ഒരു നല്ലവശം മനുഷ്യൻ ആഡംബരങ്ങളിൽ നിന്ന് ആവശ്യങ്ങളിലേയ്ക്കും, അവിടെനിന്നും അത്യാവശ്യങ്ങളിലേയ്ക്കും സ്വയം ചുരുങ്ങിയിരിക്കുന്നു. ഈ വർഷം നമ്മൾ ക്രിസ്തുമസ് ആത്മീയമായി ആചരിക്കുവാൻ നിർബന്ധിതരായിരിക്കുന്നു. ഭൗതിക ആഘോഷങ്ങൾ കുറഞ്ഞാലും, ക്രിസ്തുമസിന്റെ ആത്മീയ അന്തഃസത്തയ്ക്ക് ഒരിക്കലും കുറവുണ്ടാവുകയില്ല. ക്രിസ്തുവിന്റെ വലിയ സന്ദേശത്തിന് ഒരിക്കലും പ്രസക്തി നഷ്ടപ്പെടുന്നില്ല. അത് സർവ്വമഹത്വ സമ്പൂർണ്ണനായ ദൈവം എങ്ങനെയാണ് ആർഭാടങ്ങളില്ലാതെ ആഡംബരങ്ങളില്ലാതെ വെറും ദരിദ്രനായി മനുഷ്യാവതാരം ചെയ്തു എന്ന കഥയാണ്.

"ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത"യായിട്ടാണ് ക്രിസ്തുമസ് കടന്നുവരുക. ആ സദ്‌വാർത്ത ഏതെങ്കിലും വിഭാഗത്തിപ്പെട്ടവർക്ക് മാത്രമുള്ളതല്ല, പിന്നെയോ എല്ലാ മനുഷ്യമക്കൾക്കും, എക്കാലത്തേയ്ക്കുമുള്ള സന്ദേശമാണ്. 'ഭൂമിയിൽ സന്മനസ്സുള്ള ഏവർക്കുമുള്ള സമാധാനത്തിന്റെ സദ്‌വാർത്ത യാണ്' (ലൂക്കോ. 2:14). ഈ വാർത്ത ആദ്യം ശ്രവിച്ച പരി. കന്യകമറിയമാണ്. അവളോട്, നസ്രേത്തിലെ അവളുടെ ചെറിയ ഭവനത്തിൽ, സർവ്വശക്തനായ ദൈവത്തിന്റെ മുഖ്യദൂതനായ ഗബ്രിയേൽ കടന്നുവന്ന് ആ മംഗളവാർത്ത അറിയിച്ചത് "ദൈവകൃപ നിറഞ്ഞ മറിയമെ നിനക്കു സമാധാനം" എന്നാണ്. കാരണം അവൾ കേൾക്കുന്ന ഈ വചനം സമാധാനത്തിന്റെ, നിറപ്പിന്റെ, അനുരഞ്ജനത്തിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള സന്തോഷവാർത്തയാണ് ദൈവം മനുഷ്യവർഗ്ഗവുമായി സമാധാനത്തിലായിരിക്കുന്നു. സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നു. ദൈവം തന്റെ അനന്ത സ്നേഹത്താൽ ഭൂമിയിലേയ്ക്ക് തന്റെ രക്ഷകനെ അയയ്ക്കുവാൻ തിരുമനസ്സായിരിക്കുന്നു. "മറിയമെ നീ ഭയപ്പെടേണ്ട, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ലൂക്കോ.1:31). 'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിയ്ക്കും, ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന ഏശയ്യായുടെ പ്രവചനത്തിന്റെ പൂർത്തീകരണം' ആയിരുന്നു ആ ജനനം (മത്തായി 1:23).

തുടർന്ന് ദൂതൻ മറിയത്തിന് വെളിപ്പെടുത്തിയത്, അവൾക്ക് ജനിക്കുവാൻ പോകുന്ന കുട്ടിയെക്കുറിച്ചുള്ള ദൈവീക രഹസ്യങ്ങളായിരുന്നു. 'നീ കുട്ടിക്ക് 'യേശു' എന്ന് പേരിടണം' യേശു എന്നാൽ 'രക്ഷകൻ' എന്നാണർത്ഥം.'നീ പരിശുദ്ധാത്മാവിനാലാണ് ഗർഭം ധരിക്കുന്നത്, പുരുഷസമ്പർക്കംകൊണ്ടല്ല. അതിനാൽ അത് 'കന്യാജനനം' ആണ്. ദൂതൻ വീണ്ടും അവളെ അറിയിക്കുകയാണ്, ഈ ശിശു "വലിയവനായിരിക്കും, അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടുന്ന............ശിശു പരിശുദ്ധൻ, ദൈവപുത്രനെന്ന് വിളിക്കപ്പെട്ടു (ലൂക്കോ.1:32-35). ദൈവത്തിന് മാത്രമായി ബൈബിൾ ഉപയോഗിക്കുന്ന ഈ വാക്കുകൾ സൂചിപ്പിക്കുക ഈ ശിശു ദൈവപുത്രൻ തന്നെയാണെന്നാണ്. യോഹന്നാൻ സുവിശേഷകൻ ഈ സത്യം ഇപ്രകാരം പ്രസ്താവിക്കുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (യോഹ. 1:1,14). പൗലോസ് ശ്ലീഹാ ഇപ്രകാരം എഴുതി, "കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവപുത്രൻ തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നും ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു" (ഗലാ.,ഹെബ്രായ) ലേഖകൻ പറയുന്നു, "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു...... ഏത് ദുതനോടാണ് നീ എന്റെ പുത്രനാണ്, ഇന്ന് ഞാൻ നിനക്ക് ജന്മമേകി എന്നും ഞാൻ അവന് പിതാവും, അവൻ എനിക്ക് പുത്രനുമായിരിക്കും എന്ന് ദൈവം അരുളിച്ചെയ്തിട്ടുള്ളത്? വീണ്ടും, തന്റെ ആദ്യജാതനെ ലോകത്തിലേക്കയച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ദൈവത്തിന്റെ ദൂതന്മാരെല്ലാം അവനെ ആരാധിക്കട്ടെ. (ഹെബ്രാ.1:1,2,5,6). മറിയത്തിൽ നിന്ന് ജനിച്ച ഈ ശിശുവിനെ ദൈവദൂതന്മാർ ആരാധിക്കുന്നെങ്കിൽ അവൻ ദൈവമല്ലാതെ മറ്റാരാണ്? അനാദിയിൽ ദൈവം ജന്മമേകിയ ഈ ശിശു ദൈവപുത്രനല്ലാതെ മറ്റാരാണ്?

ഇസ്രായേൽ ജനം ദൈവം അയയ്ക്കുന്ന ഒരു രക്ഷകനെ പ്രതീക്ഷയോടെ കാത്തിരുന്നു. അവർ അവനെ വിളിച്ചത് 'മ്ശിഹാ' എന്നായിരുന്നു. അതിനർത്ഥം 'അഭിഷിക്തൻ എന്നാണ്. ഗ്രീക്ക് ഭാഷയിൽ 'ക്രിസ്തു' എന്നാണ് മ്ശിഹായെ വിളിക്കുക. ദൈവത്തിന്റെ രാജ്യം ഇസ്രായേലിലും, ലോകത്തിലും സ്ഥാപിച്ച്, നിത്യമായ ദൈവഭരണം നടത്തുവാൻ ദൈവം അഭിഷേകം ചെയ്ത് അയയ്ക്കുന്ന രാജാവാണ് 'മ്ശിഹാ' എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ആ മ്ശിഹാ ദാവീദിന്റെ ഗോത്രത്തിൽ ജനിക്കുമെന്നാണ് പ്രവാചൻ അറിയിച്ചിരുന്നത് (2 ശാമു. 7, 1 ദിന.17). മ്ശിഹാ എവിടെ ജനിക്കുമെന്ന് ഹെറോദേസ് രാജാവ് ആരാഞ്ഞപ്പോൾ നിയമ

ജ്ഞൻ കൊടുത്ത മറുപടി "അവൻ യൂദായിലെ ബേത്‌ലഹേമിൽ ജനിക്കും" എന്നാണ്. കാരണം ബേത്‌ലഹേം ദാവീദിന്റെ പട്ടണമാണ് (മത്തായി 2:5). മ്ശിഹാ അവിടെ ജനിക്കേണ്ടിയിരിക്കുന്നു കാരണം അത് ദൈവീക വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. അതിനാൽ ദൈവഹിതപ്രകാരമാണ് അഗസ്റ്റസ് സീസർ റോമാസാമ്രാജ്യത്ത് മുഴുവൻ പേർ എഴുതിചേർക്കാൻ കല്പന പുറപ്പെടുവിച്ചതും, ഗർഭിണിയായ മറിയത്തിന് നസ്രത്തിൽ നിന്ന് ബേത്‌ലഹേമിലേയ്ക്ക് പോകേണ്ടിവന്നതും. ദാവീദ് വംശത്തിൽപ്പെട്ട യൗസേഫ് ആയിരുന്നു യേശുവിന്റെ വളർത്തുപിതാവ്.

പരി. മറിയത്തോട് ദൈവീക രഹസ്യം വെളിപ്പെടുത്തിക്കൊണ്ട് ഗബ്രിയേൽ അറിയിച്ചത്, അവളിൽ നിന്നു ജനിക്കുന്ന കുട്ടി, ഇസ്രായേൽ കാത്തിരുന്ന മ്ശിഹായാണ്. "അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിമേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടായിരിക്കില്ല" (ലൂക്കോ.1:3).

അവന്റെ രാജ്യം ഇഹലോകത്ത് സംജാതമാകേണ്ട ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് യേശു തന്റെ ശിഷ്യരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കണമെന്ന് പറഞ്ഞത് "പിതാവെ, നിന്റെ രാജ്യം വരേണം" നീ രാജാവാണോ എന്ന് പീലാത്തോസ് ചോദിച്ചപ്പോൾ, യേശു ഉത്തരം നൽകിയത് "ഞാൻ രാജാവാണ്, ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്, ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേയ്ക്ക് വന്നതും, എന്നാൽ എന്റെ രാജ്യം ഐഹീകമല്ല .യേശുവിനെ ക്രൂശിച്ചപ്പോൾ അവന്റെ തലയ്ക്കുമീതെ 'ഇവൻ യഹൂദരുടെ രാജാവ്' എന്ന ലിഖിതവും ഉണ്ടായിരുന്നു. വലതുവശത്തെ കള്ളൻ അപേക്ഷിച്ചത്, "യേശുവേ നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമെ" എന്നാണ്. അത് യേശുകൊടുത്ത ഉത്തരം "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും എന്നാണ്" (ലൂക്കോ.23:43). അവസാനവിധിയിൽ അവൻ രാജാവായി മ്ശിഹായുടെ സിംഹാസനത്തിൽ ഉപവിഷ്ടനായി എല്ലാ ജനതകളെയും വിധിയ്ക്കും (മത്താ.25:.....), തന്റെ വലത്തുഭാഗത്തുള്ളവരോട് പറയും "ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" വെളിപാടു പുസ്തകത്തിൽ യോഹന്നാൻ പറയുന്നു ''സ്വർഗ്ഗത്തിലും ഭൂമിയിലും, ഭൂമിക്കിടയിലും സമുദ്രത്തിലും ഉള്ള എല്ലാ സൃഷ്ടികളും ഇങ്ങനെ പറയുന്നതു കേട്ടു സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേയ്ക്കും സ്തുതിയും ബഹുമാനവും, മഹത്വവും ആധിപത്യവും" (വെളി.5:13).

യേശുവിന്റെ 'മ്ശിഹാ' സങ്കല്പവും യഹൂദനിൽ നിന്ന് വിഭിന്നവും വിരുദ്ധവുമായിരുന്നു. യഹൂദർക്ക് മ്ശിഹാ ശക്തനും, മഹത്വപൂർണ്ണനായി വാനമേഘങ്ങളിൽ വിജയശ്രീലാളിതനായി വരുന്ന ഒരു മ്ശിഹായെയാണ് യഹൂദർ പ്രതീക്ഷിച്ചത്. യഹൂദർക്ക് മ്ശിഹാ തങ്ങളുടെ ശത്രുക്കളെ പരാജയപ്പെടുത്തുന്ന ഒരു രാഷ്ട്രീയ മ്ശിഹായെയായിരുന്നു ആവശ്യം. എന്നാൽ അവരുടെ സങ്കല്പങ്ങളെ തകിടം മറിക്കുന്നതായിരുന്നു യേശുവിന്റെ പിറവിതന്നെ. ദാവീദിന്റെ സിംഹാസനത്തിൽ ആരൂഢനാകേണ്ടവൻ പിറന്നത് ഒരു കാലിത്തൊഴുത്തിലാണ്. അത് ദൈവത്തിന്റെ ശൂന്യവത്കരണത്തിന്റെ, കുരിശിന്റെ മാർഗ്ഗമാണ്. യേശുക്രിസ്തുവിന്റെ ഈ അടിസ്ഥാന സ്വഭാവം നമ്മൾ അനുകരിക്കണമെന്ന് പൗലോശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു (ഫിലി. 5f)

യേശുവിന്റെ വഴി ദാരിദ്ര്യത്തിന്റെ പീഢയുടെ,മരണത്തിന്റെ പാതയിലായിരുന്നു. അതിലൂടെയാണ് മ്ശിഹാ രക്ഷ സാദ്ധ്യമാക്കിയത്. പുൽക്കൂടു മുതൽ കാൽവറി വരെ ആ ഇടുങ്ങിയ പാതയാണ് നാം കാണുക. കോവിഡിന്റെ ഈ കാലത്തും പ്രത്യാശയോടെ ക്രിസ്തുമസ് ആചരിക്കാൻ ഈ സത്യം നമ്മളെ പ്രേരിപ്പിക്കട്ടെ. ഏവർക്കും ക്രിസ്തുമസ് മംഗളാശംസകൾ നേരുന്നു.

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

*5 – ാം പേജ് തുടർച്ച*

സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്, ഭ്രമിക്കയും അരുത്". (യോഹ 14: 27) ആയതിനാൽ ക്രിസ്തു നമുക്ക് നൽകുന്ന സന്തോഷവും, സമാധാനവും ലഭിക്കണമെങ്കിൽ അവനോട് നാം ചേർന്നു നിൽക്കണം ലോകത്തിലുള്ള ഒരു വ്യക്തിക്കും വസ്തുവിനും, സുഖ സൗകര്യങ്ങൾക്കും നമ്മുടെ ഹൃദയത്തിന്റെ നിരാശയകറ്റാനോ യഥാർത്ഥ ആനന്ദം നമുക്ക് നൽകാനോ സാധിക്കില്ല. യേശുവിന് മാത്രമെ നമ്മെ സന്തോഷത്തിന്റെ പൂർണ്ണതയിലേക്ക് ആനയിക്കുവാൻ സാധിക്കുകയൊള്ളു. സങ്കീർത്തകൻ ഇങ്ങനെ പറഞ്ഞു "നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്" (സങ്കീ.16:11).

ഈ കാലഘട്ടങ്ങളിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ ക്രിസ്തുവിനേക്കാൾ പ്രാധാന്യം മറ്റു പലകാര്യങ്ങൾക്കും നൽകുന്നത് ഏറെ വേദനാജനകമാണ്. ഉദാഹരണമായി ക്രിസ്തുവിനേക്കാൾ ഉപരിയായി സാന്താക്ലോസിനും, ക്രിസ്മസ് കേക്കിനും, പുൽക്കൂടിനും മറ്റു പല അലങ്കാരങ്ങൾക്കും, ആഘോഷങ്ങൾക്കും പ്രാധാന്യം നൽകുന്നതായി കണ്ടുവരുന്നു.

ക്രിസ്തുമസ് യേശുനാഥന്റെ തിരുജനനത്തിന്റെ മധുരസ്മരണ മാത്രമാണ് അതിനാൽ അവിടെ ക്രിസ്തുമാത്രമായിരിക്കണം പ്രധാന ആകർഷണം മറ്റുള്ളതെല്ലാം ക്രിസ്തുവിലേക്ക് നയിക്കാൻ മാത്രമുള്ള ഉപാധികൾ മാത്രമാണ്. ഈ കാര്യങ്ങളിലെല്ലാം വിശ്വാസികൾ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരിക്കണം. നമ്മുടെ കുടുംബങ്ങളിൽനിന്നും മദ്യവും, ആർഭാടവും അനാവശ്യ ആഘോഷങ്ങളും പൂർണ്ണമായി ഒഴിവാക്കി ക്രിസ്തു നാഥനെ നമുക്ക് വരവേൽക്കാം.

ഈ ക്രിസ്മസ്കാലം ഉണ്ണിയേശുവിന്റെ പുൽക്കൂടു പോലെ ലാളിത്യത്തോടും യേശുനാഥന്റെ ജീവിതം പോലെ എളിമയോടും നമുക്ക് ആഘോഷിക്കാം.

ഏവർക്കും ക്രിസ്മസ്
പുതുവത്സരാശംസകൾ നേർന്നുകൊണ്ട്
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

ഒരു ക്രിസ്തുമസ് രാവുകൂടി നമ്മുടെ ജീവിതത്തിൽ ആഘോഷിക്കുവാൻ അവസരം ഒരുക്കി തരുന്നതിന് നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവം നമ്മോടുകൂടെ (ഇമ്മാനുവേൽ) എന്ന അനുഭവമാണ് ക്രിസ്തുമസ് കാലം. അവിടുത്തെ വരവിന്റെ തയ്യാറെടുപ്പിനുള്ള ഒരു കാത്തിരിപ്പിന്റെ കാലഘട്ടമാണ്. ദൈവം നമ്മോടുകൂടെ എന്ന അനുഭവത്തിനായി നമുക്ക് കാത്തിരിക്കുകയും തയ്യാറെടുക്കുകയും ചെയ്യാം.

കഴിഞ്ഞ ഏതാനും മാസങ്ങളായി സമുദായത്തിലെ ബഹുമാനപ്പെട്ട വൈദികർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാതെ സമുദായം വലിയ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി 03-11-2020 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുത്ത സബ് കമ്മിറ്റി സമുദായത്തിലെ വൈദിക ശമ്പള കുടിശ്ശികയുള്ള ദൈവാലയങ്ങളിലെ ക്ഷണിക്കപ്പെട്ട വൈദികരുടെയും, പള്ളി ട്രസ്റ്റിമാരുടെയും ഒരു യോഗം സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 10-11-2020-ൽ കൂടുകയുണ്ടായി. ശമ്പള കുടിശ്ശിക എത്രയും പെട്ടെന്ന് അടയ്ക്കാമെന്ന് പള്ളി ഭാരവാഹികൾ ഉറപ്പ് തരുകയും ചെയ്തു. കൂടാതെ, സബ് കമ്മിറ്റിയുടെ ആവശ്യപ്രകാരം സമുദായ മെത്രാപ്പോലീത്ത കേരളത്തിന് പുറത്തും, വിദേശത്തുമുള്ള പള്ളികളും ശമ്പളവിഹിതം അയച്ചു തരണമെന്ന് ആവശ്യപ്പെട്ട് കല്പന അയയ്ക്കുകയും, കല്പന ലഭിച്ച പള്ളി ഭാരവാഹികളെയും, വൈദികരെയും നിരന്തരമായി സബ് കമ്മറ്റി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആ ദൈവാലയങ്ങളിൽ നിന്നും പണം അയച്ചു തരുകയും ചെയ്തതിനാൽ, സമുദായത്തിലെ ബഹു. വൈദികരുടെ കഴിഞ്ഞ മാസങ്ങളിലെ വൈദിക ശമ്പള കുടിശ്ശികയും, പെൻഷൻ കുടിശ്ശികയും മുഴുവൻ (ശമ്പളത്തിൽ ഒരു രൂപപോലും കുറവില്ലാതെ) ദൈവകൃപയാൽ കഴിഞ്ഞമാസം (16-11-2020) മുതൽ സമുദായ ഹെഡ്ക്വാർട്ടേഴ്സ് ആയ മോർ അപ്രേം സെമ്മിനാരി ഓഫീസിൽ നിന്നും കൊടുത്തു. ഇത്രയും പെട്ടെന്ന് ശമ്പള കുടിശ്ശിക മുഴുവൻ വിതരണം ചെയ്യുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇതിനുവേണ്ടി ക്നാനായ കമ്മിറ്റി തെരഞ്ഞെടുത്ത സബ് കമ്മിറ്റിയോട് സഹകരിച്ച് ഞങ്ങളെ സഹായിച്ച സമുദായ മെത്രാപ്പോലീത്ത സേവേറിയോസ് തിരുമേനിയോടുള്ള നന്ദി ആദ്യം തന്നെ അറിയിക്കട്ടെ. കൂടാതെ സബ്കമ്മറ്റി അംഗങ്ങളായ വികാരി ജനറാൾ റവ.ഫാ.വി.എ.ഏബ്രഹാം ഇളയശ്ശേരിൽ, വൈദിക ട്രസ്റ്റി റവ.ഫാ.മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ, മാനേജർ റവ.ഫാ.ഷിബിൻ മണിമലേത്ത് എന്നിവരോടുള്ള നന്ദിയും, കുടിശ്ശിക അടച്ച് സഹായിച്ച പള്ളികളിലെ ട്രസ്റ്റി, സെക്രട്ടറി, വികാരിമാരോടും, ബാഹ്യകേരളത്തിലെ പള്ളി ഭാരവാഹികളോടും, വികാരിമാരോടും, ഗൾഫ് മേഖലയിലെ പള്ളി ഭാരവാഹികളോടും, അമേരിക്ക, കാനഡ,യൂറോപ്പ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ പള്ളിഭാരവാഹികളോടും, വികാരിമാരോടും ഉള്ള അകമഴിഞ്ഞ നന്ദിയും, സ്നേഹവും അറിയിക്കുന്നു.

ഈ കോവിഡ് കാലത്ത് ദൈവാലയങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് ഞങ്ങൾക്കറിയാം. എന്നിരുന്നാലും, ബഹു. നമ്മുടെ വൈദികരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി പ്രവർത്തിച്ച എല്ലാവരോടും ഉള്ള നന്ദി ഒരിക്കൽകൂടി അറിയിക്കുന്നു. വൈദിക ശമ്പളവിഹിതത്തിലുള്ള ഈ സഹകരണം വീണ്ടും തുടരണമേ എന്ന് അഭ്യർത്ഥിക്കുന്നു, അപേക്ഷിക്കുന്നു.

“ക്നാനായ മെറിറ്റ് അവാർഡ് - 2020” ന് അർഹരായ എല്ലാ കുട്ടികളെയും ഹൃദയം നിറഞ്ഞ ആശംസകളും അഭിനന്ദനവും അറിയിക്കുന്നതിനോടൊപ്പം, ശോഭനമായ ഭാവി ദൈവം അനുഗ്രഹിച്ചു നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷത്തെ മെറിറ്റ് അവാർഡ് ദാനത്തിന്റെ ഉദ്ഘാടനം കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഡിസംബർ 19-ാം തീയതി ശനിയാഴ്ച 3.30 P.M. ന് അഭി. സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ, മാർ അപ്രേം സെമ്മിനാരിയിൽ കൂടുന്ന സമ്മേളനത്തിൽ കോട്ടയം അതിരൂപതാ സഹായ മെത്രാൻ അഭി. ഗീവർഗീസ് മോർ അപ്രേം തിരുമേനി നിർവ്വഹിക്കുന്നതാണ്. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട കർശന നിയന്ത്രണങ്ങൾ ഉള്ളതിനാൽ പ്രവേശനം പരിമിതിപ്പെടുത്തുവാൻ നാം ബാദ്ധ്യസ്ഥരാണ്. ആയതിനാൽ Professional, Post Graduation തലത്തിലുള്ള അവാർഡിന് അർഹരായവർ ഒഴികെയുള്ളവരുടെ പുരസ്ക്കാരവും സർട്ടിഫിക്കറ്റുകളും അതാത് ഇടവകകളിൽ ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ഈ വർഷത്തെ സാഹചര്യ



ങ്ങൾ മനസ്സിലാക്കി എല്ലാവരും സഹകരിക്കണം എന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

നമ്മുടെ സമുദായത്തിൽ കാലാകാലങ്ങളിൽ അസമാധാനവും, അസ്വാസ്ഥ്യങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അത് സമുദായത്തിന്റെ കെട്ടുറപ്പിനെ ഒരു തരത്തിലും ബാധിച്ചിട്ടില്ലായിരുന്നു എന്ന് നാം ഓർക്കണം. വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങൾ ഉള്ളവർ നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്നത് സ്വാഭാവികമാണ്. നമ്മുടെ വംശീയമായ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന പ്രവർത്തനങ്ങളിലേയ്ക്ക് പോകുവാൻ ആരേയും അനുവദിച്ചുകൂടാ. നമ്മുടെ രാജ്യത്തെ നിയമസംഹിതകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ നാം ബാദ്ധ്യസ്ഥരാണെന്നുള്ള യാഥാർത്ഥ്യം ആരും വിസ്മരിക്കരുത്. സമുദായത്തിന്റെ ഐക്യത്തിനുവേണ്ടി എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമസിനെയും, പുതുവർഷത്തെയും വരവേൽക്കാൻ കാത്തിരിക്കുന്ന ഈ നാളുകളിൽ ദൈവം നമ്മോടുകൂടെ എന്ന അനുഭവം ചിന്തയിലും, ബോദ്ധ്യങ്ങളിലും, മനോഭാവങ്ങളിലും മാറ്റങ്ങൾ വരുത്തി നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി തീർക്കണം. ക്രിസ്തുമസ് രാവിൽ ഇമ്മാനുവേൽ അനുഭവം ലഭിച്ച ആട്ടിടയന്മാർ ഉണ്ണിയേശുവിനെ ദർശിച്ചതിനുശേഷം പ്രത്യാശയും ആനന്ദവും നിറഞ്ഞ ഹൃദയത്തോടെയാണ് തിരിച്ചുപോയത്. ആ അനുഭവം സമുദായ അംഗങ്ങളുടെ ജീവിതത്തിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാ സമുദായ അംഗങ്ങൾക്കും ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും ഹൃദയം നിറഞ്ഞ ആശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.

സമുദായ മാനേജിംഗ് കമ്മിറ്റിയ്ക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

---

# ക്നാനായദീപം മൊബൈൽ ആപ്പിൽ
## പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




**കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.**

E-mail: kna.deepam@gmail.com,
Whats App No. 8547584440

**പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.**

**Bank Details**
A/c No: 57004254154
Chief Editor & Mg. Editor, Knanaya Deepam
SBI, Chingavanam, IFSC SBIN0070128
E-mail: kna.deepam@gmail.com,
Whats App No. 8547584440

Contact : **ഫാ. ജേക്കബ് കല്ലുകുളം**, മാനേജിംഗ് എഡിറ്റർ
9447563240, 8547584440

---

**NAZARETH ASRAMAM, OTHERA**
**23-11-2020**

Donations

| | | |
|---|---|---|
| A.Well Wisher | | 5000/ |
| Gigi Punnoose Cottackal | Kottayam | 5000/ |
| A.Well Wisher | Chingavanam | 10000/- |

**Fr. Mathew Uthuppan Cherukarethu**
**Secretary/Director**

---

## ക്നാനായ ദീപം അറിയിപ്പ്

ഈ കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിലെ വിജയികളായ നമ്മുടെ സമുദായ അംഗങ്ങളുടെ ഫോട്ടോ ജനുവരി ലക്കം ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നു. ആയതിലേയ്ക്ക് വിജയിച്ചവരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, വിലാസം, ഇടവക ഫോൺ നമ്പർ സഹിതം ക്നാനായ ദീപം ഓഫീസിലേയ്ക്ക് അയച്ചു തരിക.

E-mail: kna.deepam@gmail.com,
Whats App No. 8547584440



# വയറ്റിപ്പിഴപ്പോ രാഷ്ട്രനിർമ്മാണമോ രാഷ്ട്രീയം?

സുനിൽ ഡി. കുരുവിള

ഇലക്ഷന് മാത്രം കാണുന്ന മാന്യത!

'വികസനത്തിന് ഒരു വോട്ട്' 'വികസന തുടർച്ചയ്ക്ക് ഒരു വോട്ട്' 'മാറ്റത്തിന് ഒരു വോട്ട്' യാത്രയിൽ വഴിനീളെ കണ്ട പോസ്റ്ററിലും ഫ്ളെക്സിലും വായിച്ച വാക്കുകളാണ്.

'ഫ്ളെക്സ് ബോർഡി'ലെ സ്ഥാനാർത്ഥികൾ എല്ലാം സുന്ദരന്മാരും സുന്ദരികളുമാണ്! Thanks to multimedia.

വിശ്വാസയോഗ്യതയാണ് ഒരു ലോക്കൽ ബോഡി പ്രതിനിധിയ്ക്ക് ഏറ്റവും കരണീയമായ ക്വാളിറ്റി എന്ന് തോന്നുന്നു. ഒരു പ്രദേശത്തിന്റെ കൂടെ നിൽക്കാനും ദൈനംദിന വിഷയങ്ങളിൽ നിസ്വാർത്ഥമായി ഇടപെടാനും കഴിയണം. ഇലക്ഷൻ കഴിഞ്ഞാൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിത്വം ഏറ്റവും അഭിലഷണീയം. എന്നാൽ പലപ്പോഴും കണ്ടുവരുന്നത് മറിച്ചാണ്. ജനത്തോടുള്ള കൂറല്ല പാർട്ടിയോടുള്ള കൂറാണ് സ്ഥാനാർത്ഥിയാകാനുള്ള 'കഴിവ്'. ജയിച്ചു കഴിഞ്ഞാൽ ജനത്തെ ഭിന്നിപ്പിക്കുക, മുതലെടുക്കുക, അനർഹർക്ക് ആനുകൂല്യങ്ങൾ 'ഒപ്പിച്ചുകൊടുക്കുക', സുഖിപ്പിക്കുക, പണമുണ്ടാക്കാനും പാർട്ടിയിൽ സ്വാധീനം ഉറപ്പിക്കാനും ഉള്ള 'ചെപ്പടി' വിദ്യ ഉറപ്പാക്കുക. സ്ത്രീ സംവരണ സീറ്റിൽ പലപ്പോഴും കഴിവുള്ള - അർഹതയുള്ള സ്ത്രീകൾ അല്ല എത്തുന്നത്. 'സ്ഥാനമോഹികളുടെ' ഭാര്യ, മകൾ, ബന്ധു ഒക്കെയാവും സ്ഥാനാർത്ഥിയാവുക. ചരട് 'നേതാവിന്റെ' കൈയ്യിലും. സ്ത്രീ സംവരണമോ ബന്ധു സംവരണമോ? ജാതി-മത കുത്തിത്തിരുകാണ് ഏറ്റവും വിഷം. ജയിച്ചു കഴിഞ്ഞാൽ എത്രപേർ കാര്യങ്ങൾ പഠിക്കാൻ തയ്യാറാകുന്നുണ്ട്?

ചെറുപ്പക്കാർ, അതും ഉയർന്ന വിദ്യാഭ്യാസം ഒക്കെയുള്ള യുവത ഈ രംഗത്ത് കടന്നുവരുന്നത് വളരെ നല്ലത്. ഒരു തൊഴിലായി കാണാതെ സാമൂഹിക നിയോഗമായി, മാറ്റത്തിനും പുരോഗതിക്കും ഇണങ്ങുന്ന ഒരു നേതൃത്വം നൽകാൻ അവർക്കു കഴിയട്ടെ.

"Leadership is not authority, but responsibility.
Not position, but influence!"

**ഭരണഘടന ചൂഷണം ചെയ്യപ്പെടുമ്പോൾ:**

ഭരണഘടനയ്ക്ക് കീഴിൽ അഭിമാനത്തോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സംഘടനകളെയും പ്രസ്ഥാനങ്ങളെയും ആണ് ഒരു രാജ്യം ആഗ്രഹിക്കുന്നത്. എന്നാൽ ഇന്ന് എല്ലാവർക്കും ഭരണഘടന ഒരു 'സൗകര്യം' മാത്രമായി മാറുന്നു. സാമൂഹിക-രാജ്യതാല്പര്യം ഇന്ന് പലപ്പോഴും വെറും 'ചിഹ്നങ്ങളും' മുദ്രാവാക്യങ്ങളും മാത്രമാണ്. "കോടതി വിധി എനിക്ക് അനുകൂലമാകുമ്പോൾ ഭരണഘടന കൊള്ളാം"

**നീതി നടപ്പാക്കുന്നതിലെ സ്പീഡിൽ അഴിമതി:**

തക്കസമയത്തു കുറ്റവാളികളെ അറസ്റ്റു ചെയ്യാതിരിക്കുന്നത്, അത് തടസ്സപ്പെടുത്തുന്നത്, അനവസരത്തിൽ അറസ്റ്റ് ചെയ്യുന്നത് എല്ലാം അഴിമതിയും ദുർഭരണവുമായി അല്ലെങ്കിൽ കഴിവില്ലായ്മയായി കണക്കാക്കാം. ഇതിനൊക്കെ ഒരു 'Standard' നിർണ്ണയിക്കാൻ നീതിപീഠത്തിന് കഴിയാതെ വരുമ്പോൾ അതും അഴിമതിയാണ്.

Without strong watchdog institutions, impunity becomes the very foundation upon which systems of corruption are built. And if impunity is not demolished, all efforts to bring an end to corruption are in vain"- Rigoberta Menchu, Nobel Prize laureate.

**Impunity = ശിക്ഷിക്കപ്പെടുകയില്ലെന്നുള്ള ധൈര്യം:**

"നീതി നിർവ്വഹണത്തിന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നവർക്കും ഭരണകൂടത്തിനും എതിരെ നിൽക്കാൻ കഴിയുന്ന ജഡ്ജിമാരെ നമുക്കാവശ്യമുണ്ട്" (ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു). രാജ്യമോ ജനമോ നന്നാവുന്നില്ലെങ്കിലും രാഷ്ട്രീയക്കാരൻ 'പുരോഗമിക്കുന്നുണ്ട്' സമ്പന്നമാകുന്നുണ്ട്. ഇലക്ഷൻ ജയിക്കുന്നുണ്ട്. പിന്നെ എന്തുവേണം? അടിസ്ഥാന വിഷയങ്ങൾ ചർച്ചയാവാതിരിക്കാൻ എല്ലാവരും സഹകരിക്കുന്നുമുണ്ട്.

"ജനറൽമാരും പട്ടാളക്കാരുമല്ല തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടങ്ങളാണ് പലപ്പോഴും ജനാധിപത്യത്തെ അട്ടിമറിക്കുന്നത്". അമേരിക്കൻ രാഷ്ട്രീയ ചിന്തകരായ സ്റ്റീവൻ ലെവിറ്റ്സ്കിയും ഡാനിയൽ സിബ്ളാറ്റും ചേർന്നെഴുതിയ 'How Democracies die' എന്ന പുസ്തകത്തിൽ നിന്ന്.

**സമൂഹിക തകർച്ചയുടെ കാര്യത്തിൽ മതവും രാഷ്ട്രീയവും സൗകര്യപൂർവ്വം പരസ്പരം പഴിചാരുന്നു:**

Weak people blame, but strong leaders change!

മതം മനുഷ്യനെ രൂപാന്തരപ്പെടുത്താനും സംസ്കരിക്കാനും പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. ദൈവത്തെ-സത്യത്തെ-സ്നേഹത്തെ 'ക്രിയ' യായി കാട്ടികൊടുക്കേണ്ട മതം അതിൽ പൂർണ്ണമായും ഈ കാലഘട്ടത്തിൽ പരാജയപ്പെട്ടു. പലപ്പോഴും 'കെട്ട' രാഷ്ട്രീയവുമായി കൈ കോർത്തു. അധികാരത്തിന്റെ 'അപ്പക്കഷ്ണം' തേടി വഴിവിട്ട ബന്ധങ്ങളിലും മറ്റും കൂട്ടുകച്ചവടക്കാരായി. നന്മ ചെയ്യാൻ എന്തിനാണ് അധികാരം? തിന്മ ചെയ്യാൻ അത് കൂടിയേ തീരു. രാഷ്ട്രീയത്തെ തിരുത്താൻ കഴിയുമായിരുന്ന മതം 'സൗകര്യപൂർവ്വം' കൂട്ടുകച്ചവടത്തിലേക്കു കടന്നു. സാമൂഹിക സർവ്വനാശമായി ഫലം.

'ദൈവ' വ്യാപാരികൾ 'രാഷ്ട്ര' വ്യാപാരികൾ ഒക്കെ റെയ്ഡ് ചെയ്യപ്പെടുന്നത് വളരെ നല്ലതാണ്. 'Compromise' ആക്കാതെ ആ പണമൊക്കെ രാജ്യത്തെ നിരാലംബർക്കു നൽകാം!

മാത്രവുമല്ല, നന്മയുള്ള പ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും മൂല്യമില്ലാതെ പോകുന്നത് ഇത്തരം കള്ള പിശാചുക്കൾ കാരണമാണ്. ഇത് എല്ലാ മതങ്ങളുടെയും എല്ലാ രാഷ്ട്രീയത്തിന്റെയും മറവിൽ നടക്കുന്നുണ്ട്.

'Selective' ആയി ഈ വിഷയം കാണാൻ കഴിയുന്നത് മറ്റൊരു രോഗം. 'ചാരിറ്റി' എന്നൊരു വാക്കിന്റെ മറവിൽ പോലും എത്രയോ അഴിമതികൾ.

*ശേഷം 21 -ാം പേജിൽ*

# 2021-ലെ കലണ്ടർ പ്രകാശനം



ക്നാനായ സമുദായത്തിലെ വിശേഷ ദിവസങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്നാനായദീപത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ 2021-ലെ കലണ്ടർ **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത** സമുദായ സെക്രട്ടറി ശ്രീ. ടി.ഒ. ഏബ്രഹാം തോട്ടത്തിലിന് നല്കിക്കൊണ്ട് പ്രകാശനം നിർവഹിക്കുന്നു. ചീഫ് എഡിറ്റർ റോയി മാത്യു മുളമൂട്ടിൽ കോർ-എപ്പിസ്കോപ്പാ, മാനേജിംഗ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ഇ.പി. കുറിയാക്കോസ് ഇടവഴിക്കൽ, സിബി മാത്യു തോണ്ടുകുഴിയിൽ, അനു കുര്യൻ പാടകശ്ശേരിൽ, കെ.എം. തോമസ് കൊമറത്തുംപറമ്പിൽ, ടി.എസ് മാത്തുക്കുട്ടി തെക്കേപ്പറമ്പിൽ എന്നിവർ സമീപം



മലങ്കര മർത്തോമാ സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്ത

**റൈറ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കും**

കോട്ടയം അതിരൂപതയുടെ സഹായ മെത്രാനായി അഭിഷിക്തനായ

**ഗീവർഗീസ് മാർ അപ്രേം തിരുമേനിക്കും**

ക്നാനായ സമൂഹത്തിന്റെ ആശംസകൾ

# വിവാഹിതരായി



Advt -R

കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളി ഇടവകയിൽ ഓണാട്ട് ജേക്കബ് സൈമൺ–ന്റെയും എം.കെ. ഷേർളിയുടെയും മകൻ **ELIAS SIMON JACOB**–ഉം റാന്നി സെന്റ് തോമസ് സിറിയൻ ക്നാനായ വലിയപള്ളി ഇടവകയിൽ മൈലാടുംപാറ സാബു ഏബ്രഹാമിന്റെയും മോളി സാബുവിന്റെയും മകൾ **SAUMIA SABU**–വും തമ്മിലുള്ള വിവാഹം 2020 നവംബർ 9–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത**യുടെ പ്രധാന കാർമ്മികത്വത്തിൽ കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# വിവാഹിതരായി



Advt -O

റാന്നി ഐത്തല സെന്റ് കുറിയാക്കോസ് ഇടവകയിൽപെട്ട മേലേക്കുറ്റ് ജോസിന്റെയും ഓമനയുടെയും മകൻ **ജിതിൻ ജോസും** തുരുത്തിക്കാട്ട് പട്ടത്തേട്ട് മലയിൽ ബാബുവിന്റെയും എൽസമ്മയുടേയും മകൾ ഈ ഇടവകയിൽപെട്ട **സ്റ്റെഫിയും** തമ്മിലുള്ള വിവാഹം 19–11–2020 വ്യാഴാഴ്ച ഐത്തല പള്ളിയിൽ **അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## പ്രശസ്ത വിജയം

### മീനു മാത്യു



തമിഴ്നാട് അണ്ണാ
യൂണിവേഴ്സിറ്റിയിൽ നിന്നും
MBA 95.5%
മാർക്ക് നേടി
കോളജ് Topper
ആയി ഉന്നത വിജയം നേടിയ
**മീനു മാത്യു.**
റാന്നി വലിയപള്ളി
ഇടവകയിൽ പുല്ലംപള്ളിൽ
ജയമോന്റെയും
(പി.പി. മാത്യു)
ജെസിയുടെയും മകളും
പടിഞ്ഞാറ്റോതറ
കന്നാകുഴിയിൽ
നടുക്കേതിൽ
ടിനോ ഏബ്രഹാമിന്റെ
ഭാര്യയുമാണ്.

Advt -O

## പ്രശസ്ത വിജയം

### Dr. Mekha Raji



Nottingham
യൂണിവേഴ്സിറ്റിയിൽ നിന്നും
തീസിസ് പൂർത്തിയാക്കി
ഇറ്റലിയിലെ
Tor Vergata Rome
യൂണിവേഴ്സിറ്റിയിൽ നിന്നും
Doctor in Pharmacy
ഡിഗ്രി കരസ്ഥമാക്കിയ
**Mekha Raji.**
മഴുക്കീർ സെന്റ് മേരീസ്
ക്നാനായ പള്ളി
ഇടവകയിൽ Nedungatethu
Raji Mathewവിന്റെയും
Anju Rajiയുടെയും മകളാണ്.
സേറ, സാന്ദ്ര എന്നിവർ
സഹോദരങ്ങളാണ്.

Advt -O



## 50 – ാം വിവാഹവാർഷികം

8 – 11 – 2020



## സ്റ്റീഫൻ മാത്യു (തങ്കച്ചൻ)
## & ആലീസ് സ്റ്റീഫൻ

പീടികയിൽ (H), വള്ളംകുളം


ഇത്രത്തോളം യഹോവ സഹായിച്ചു ഇത്രത്തോളം ദൈവം നടത്തി

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O

## First Birthday in Heaven

**17-12-2020**




## Mr. Mathew Thomas (86)

**Koottothara House, Mangalore**

Inserted By Sorrowing Family

Advt -O



## 2 – ാം ചരമ വാർഷികം

13 – 01 – 2021

## Philip Kuruvilla

**Aronnil, Mumbai**

**I am ressurrection and the life whoever believes in me will live even though he dies**
**John 11:25**

By Sorrowing Family

Advt - O

**കഴിഞ്ഞ ലക്കം തുടർച്ച**



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**വിശ്വാസ സമൂഹത്തിന്റെ ആശീർവാദവും പ്രാർത്ഥനയും**

''*സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കുന്ന നേർവഴിയിൽകൂടി പ്രയാണം ചെയ്യുവാൻ ഇവർക്കു കൃപ നൽകണമെ..... ഇവർ നിത്യജീവനെ കാംക്ഷിക്കുന്നവരും പാപമരണമുള്ളവരിൽ നിന്ന് വിദൂരസ്ഥരുമായി വർത്തിക്കുമാറാകണമെ.... വിശുദ്ധ ന്മാരുടെ കൂട്ടങ്ങളോട് സദൃശ്യരും പരസ്പരം സ്നേഹിക്കുന്നവരും ദുഷ്ടനെ വെറുക്കുന്നവരും നിന്റെ ദൈവത്വത്തെ അനുസരിക്കുന്നവരും ശത്രുക്കളെ അനുഗ്രഹിക്കുന്നവരുമാക്കിത്തീർക്കണമെ*" (കിരീട വാഴ്വ് - സെദറ).

ഭൗതിക ജീവിതത്തിൽ സ്വർഗ്ഗരാജ്യ പ്രാപ്തിയെ ലക്ഷ്യം വച്ചുകൊണ്ട് നേർവഴിയിൽ കൂടെ സഞ്ചരിക്കുവാൻ ഇവരെ പ്രാപ്തരാക്കണമെന്ന് അപേക്ഷിക്കുന്നു. എന്തെല്ലാം പ്രതിസന്ധികളിലൂടെ പോയാലും പതിനഞ്ചാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന നന്മയുടെ വഴിയിലൂടെ കടന്നു പോകുവാനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു. പാപത്തിന്റെ വഴിയിൽ നിന്നും മാറി സഞ്ചരിക്കണം. നിത്യജീവനെ ആത്യന്തികമായ ലക്ഷ്യമാക്കി പാപമരണത്തിൽ നിന്നും വിടുതൽ പ്രാപിക്കണം. മറ്റുള്ളവർക്കെല്ലാം മാതൃകയാകത്തക്ക വിധത്തിൽ സ്നേഹവും സമാധാനവും വഹിക്കുന്ന ദൂതന്മാരാകണം. ദൈവത്വത്തെ അനുസരിക്കുന്നവരാകണമേയെന്ന് പ്രാർത്ഥിക്കണം. ദൈവ സാന്നിദ്ധ്യം കൊണ്ട് ഇവരെ നിറയ്ക്കണമെ. ദുഷ്ടനെ വെറുക്കുകയും ശത്രുക്കളെ അനുഗ്രഹിക്കുകയും ചെയ്യണമെ.

''*കരുണയും ദയയും നിറഞ്ഞതായ നിന്റെ വലതുകൈ ഇവരുടെമേൽ ആവസിപ്പിക്കണമെ. ആത്മീയമായ നിന്റെ മണവറയിൽ ഇവരെ സന്തോഷിപ്പിക്കണമെ*" (കിരീട വാഴ്വ്-എത്രോ).

അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ കരുണയാൽ ഇവരെ നിറയ്ക്കണമേയെന്നും ജീവിതാവസാനത്തിൽ കർത്താവിന്റെ അനശ്വരമണവറയിൽ ഇവർ നിത്യാനന്ദത്തെ രുചിക്കണമേയെന്നും നാം അപേക്ഷിക്കുന്നു. നശ്വരമായ മണവറയിൽ എന്തെല്ലാം പ്രതികൂലതകളെ നേരിടേണ്ടി വന്നാലും ലോകാവസാനത്തിനുശേഷം ആ പ്രകാശ മണവറയിൽ മണവാളനോടൊപ്പം ആനന്ദിക്കുന്ന മണവാട്ടി സഭയുടെ അംഗങ്ങളാകണമേയെന്ന് സഭാമക്കൾ ഈ വധൂവരന്മാരെ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു.

"*സമാധാന ദൂതൻ നിങ്ങളോടുകൂടിയിരുന്ന് ആകൽക്കറുസായുടെ വഞ്ചനയിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ. മരണകരമായ അസൂയയിൽ നിന്നും ദൈവം നിങ്ങളെ കാത്തുകൊള്ളട്ടെ. അബ്രഹാം ഇസഹാക്കിലും ഇസഹാക്ക് യാക്കോബിലും യാക്കോബ് യൗസേഫിലും സന്തോഷിച്ചപ്രകാരം നിങ്ങൾക്കും സന്തോഷിക്കേണ്ടതിന് ഉത്തമ സന്താനങ്ങളെ കർത്താവ് നിങ്ങൾക്ക് നൽകുമാറാകട്ടെ. ആകാശത്തു നിന്ന് പനിമഞ്ഞും ഭൂമി ഉല്പാദിപ്പിക്കുന്ന സർവ്വ സൽഫലങ്ങളും ദൈവം നിങ്ങൾക്കു നൽകട്ടെ.*

*............ഐശ്വര്യങ്ങൾ കൊണ്ടും സമ്പാദ്യങ്ങൾ കൊണ്ടും സർവ്വവിധ സൗഭാഗ്യങ്ങൾ കൊണ്ടും ദൈവം നിങ്ങളെ സമ്പന്നരാക്കുകയും ആ പാപിനിയോടെന്നപോലെ നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കയും ചെയ്യട്ടെ. വലതുഭാഗത്തെ കള്ളനെപ്പോലെ നിങ്ങളും സ്വർഗ്ഗ രാജ്യാവകാശികളായി ഭവിക്കട്ടെ*" (കിരീട വാഴ്വ്- ആശീർവാദ പ്രാർത്ഥന)

ആത്മീകവും ഭൗതീകവുമായ അനുഗ്രഹങ്ങൾ കൊണ്ട് ഈ മണവാളനെയും മണവാട്ടിയെയും നിറയ്ക്കണമെയെന്ന് വിശ്വാസ സമൂഹം പ്രാർത്ഥിക്കുന്നു. സാത്താനിൽ നിന്നുള്ള സംരക്ഷണവും അസൂയയിൽ നിന്നുള്ള മോചനവും അഭ്യർത്ഥിക്കുന്നു. ഉത്തമ സന്താനങ്ങളെ നൽകി അനുഗ്രഹിക്കണമെയെന്ന് നാം അപേക്ഷിക്കുന്നു. ഭൂമിയിലെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുവാൻ അവരെ യോഗ്യരാക്കണമെ. സർവ്വവിധ ഐശ്വര്യങ്ങളും നൽകി സന്തോഷിപ്പിക്കണമെ. അതോടൊപ്പം പാപമോചനം പ്രാപിച്ച് സ്വർഗ്ഗരാജ്യ പ്രവേശനത്തിന് ഇവരെ യോഗ്യരാക്കണമെയെന്ന് നാം പ്രാർത്ഥിക്കണം.

"*നാ-മം ചൊന്നി ദമ്പതികൾക്കായ് വരമേകേ-ണം*
*തേ-ജോ ലോകത്തിവരുടെ കാലം ശുഭമാകേ-ണം*"
(മോർ യാക്കോബിന്റെ ബോവൂസോ)

വിശ്വാസ സമൂഹം ദമ്പതികളുടെ ഭൗതികവും ആത്മീകവുമായ അനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് വിവാഹശുശ്രൂഷയിൽ സംബന്ധിക്കുവാൻ പരിശുദ്ധ സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഇഹലോക ജീവിതത്തിലെ അനുഗ്രഹത്തിനും ഐശ്വര്യത്തിനും വേണ്ടിയും സ്വർഗ്ഗരാജ്യപ്രാപ്തിക്കും ഇവർ യോഗ്യരാകുന്നതിനും സഭാ മക്കൾ പ്രാർത്ഥിച്ചു കൊണ്ട് കൂദാശയിൽ സംബന്ധിക്കുവാനാണ് വധൂവരന്മാരുടെ മാതാപിതാക്കൾ നമ്മെ ക്ഷണിക്കുന്നത്.

"അച്ചോ, നമ്മൾ വധൂവരന്മാരുടെ അനുഗ്രഹത്തിനും

ഐശ്വര്യത്തിനും വേണ്ടി പ്രാർത്ഥിക്കണമെന്നാണല്ലോ പറയുന്നത്. നമുക്കു പ്രത്യേകിച്ച് എന്തെങ്കിലും നേട്ടം കിട്ടുന്നുണ്ടോ?"

ജോജോയാണ് ആശങ്കപ്പെട്ടിരിക്കുന്നത്. ചോദ്യം അച്ചനോടാണെങ്കിലും ടോണിയാണ് പെട്ടെന്നു ആശയം പറഞ്ഞത്.

"ജോജോച്ചായ നമുക്കുള്ള നേട്ടം ഫുഡ്. അതിന് അവസാനം വരെ നോക്കി നിൽക്കണമെന്ന് മാത്രം" ഓഡിയൻസിന്റെ കൂട്ടച്ചിരിയുടെ ഇടയിൽ അച്ചൻ ടോണിയെ കണ്ണുരുട്ടി കാണിച്ചു.

വിവാഹ കൂദാശയിൽ സംബന്ധിക്കുന്നവരിൽ ഈ കൂദാശ നേരത്തെ സ്വീകരിച്ചിട്ടുള്ളവർക്കു പുതുക്കത്തിനും ഇനിയും സ്വീകരിക്കുവാനുള്ളവർക്ക് ഒരുക്കത്തിനും വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് നിൽക്കണം. വിവാഹകൂദാശയിൽ സംബന്ധിക്കുന്ന വിശ്വാസസമൂഹത്തെ അനുഗ്രഹിച്ചുകൊണ്ടുള്ള പ്രാർത്ഥന ഈ ശുശ്രൂഷയിൽ ഉടനീളം കാണാം.

*"ഞങ്ങളുടെ ദേഹികളും ആത്മാക്കളും നിന്നാൽ ആനന്ദിക്കുമാറാകണമെ. നിന്റെ കരുണയാൽ ഞങ്ങളുടെ ദുഃഖങ്ങൾ മായിക്കപ്പെടുകയും നിന്റെ ദയയാൽ ഞങ്ങളുടെ സുകൃതങ്ങൾ വർദ്ധിക്കുകയും ചെയ്യണമെ".* (പ്രാരംഭ പ്രാർത്ഥന)

വധൂവരന്മാർക്കുവേണ്ടി മാത്രമല്ല; സന്നിഹിതരായിരിക്കുന്ന മുഴുവൻ വിശ്വാസികളുടെ സന്തോഷത്തിനും അനുഗ്രഹത്തിനുമായിട്ടാണ് പ്രാർത്ഥിക്കുന്നത്.

*"കർത്താവെ തിരുമുമ്പാകെ സന്നിഹിതരായിരിക്കുന്ന ഈ ജനകൂട്ടത്തെയും പാപങ്ങളിൽ നിന്നും മ്ലേച്ഛതകളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും പ്രമാദങ്ങളിൽ നിന്നും സ്നേഹത്തോടെ നീ സ്വതന്ത്രരാക്കിക്കൊള്ളണമെ"* (മോതിരവാഴ്വ്- സെദറ). വിശ്വാസ സമൂഹത്തെ പാപമോചനം നൽകി അനുഗ്രഹിക്കണമെ.

*"ഈ വിരുന്നിനായി ഒരുങ്ങി വന്നിരിക്കുന്നവർക്ക് നിന്റെ കരുണകളും അനുഗ്രഹങ്ങളും സമൃദ്ധിയായി നൽകണമെ"* (മോതിര വാഴ്വ്- ആശീർവാദ പ്രാർത്ഥന).

ടോണി, മനസ്സിലായോ ഫുഡ് മാത്രമല്ല, ദൈവാനുഗ്രഹങ്ങളും ഈ കൂദാശയിൽ സംബന്ധിക്കുന്നവർക്ക് ലഭിക്കും.

ടോണി പുഞ്ചിരിച്ചുകൊണ്ട് തലയാട്ടി.

*"ദൈവത്താൽ നീതീകരിക്കപ്പെട്ട ഈ സാക്ഷ്യത്തിനായി ഒരുങ്ങി വന്നിരിക്കുന്ന വിശ്വാസികളെ, നിങ്ങളുടെ ബുദ്ധിമുട്ടിന് മുപ്പതും അറുപതും നൂറും ഇരട്ടിയായി അവിടുന്ന് പ്രതിഫലം നൽകുമാറാകട്ടെ"* (മോതിരവാഴ്വ്- ഹൂത്തോമോ).

വിശ്വാസ സമൂഹത്തിനുള്ള അനുഗ്രഹമാണ് ഈ ഹൂത്തോമോയിലുള്ളത്. വിവാഹത്തിന്റെ സാക്ഷികളായി വന്നിരിക്കുന്നത് ഒന്നോ രണ്ടോ പേരല്ല; ഒരു സമൂഹമാണ്. അവർ എത്രമാത്രം ബുദ്ധിമുട്ടനുഭവിച്ചോ അതിനെല്ലാം സ്വർഗ്ഗത്തിൽ നിന്നും പ്രതിഫലമുണ്ട്. നന്മകൾ ആശംസിക്കുന്നു. ദുഷ്ടന്റെ കുതന്ത്രങ്ങളിൽ നിന്നും വിശ്വാസികളെ കാത്തുരക്ഷിക്കണമെയെന്ന് പ്രധാനകാർമ്മികൻ പ്രാർത്ഥിക്കുന്നു.

*"ദൈവമായ കർത്താവെ അനശ്വരമായ വിരുന്നിനും അഴിവില്ലാത്ത മണവറയ്ക്കും ഞങ്ങളെ യോഗ്യരാക്കണമെ. ആ വിരുന്നിലേയ്ക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്ന അതിഥികളോടുകൂടെ നിന്റെ നിത്യമായ സന്തോഷങ്ങളിലേയ്ക്ക് ഞങ്ങളെയും ക്ഷണിക്കണമെ"*

(കിരീടവാഴ്വ്- പ്രാരംഭ പ്രാർത്ഥന).

പറുദീസാ വാസത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. പറുദീസായാകുന്ന പ്രകാശമണവറയും അവിടുത്തെ അന്തമില്ലാത്ത വിരുന്നിനും ഈ വിവാഹ കൂദാശയിൽ സംബന്ധിക്കുന്ന സഭാമക്കളെ ചേർക്കണമെ. ആ നിത്യസന്തോഷത്തിലേയ്ക്ക് നിന്റെ പരിശുദ്ധന്മാരുടെ ഗണത്തിൽ വിശ്വാസ സമൂഹത്തെയും ചേർക്കണമെയെന്ന് സഭ പ്രാർത്ഥിക്കുന്നു.

*"ഞങ്ങളെയും ഇവരെയും നിന്റെ ആത്മീയ മുന്തിരിത്തോപ്പിൽ നീതിപ്രവർത്തിക്കുന്ന വേലക്കാരും നിന്നോടുള്ള ഭക്തിയിലും നിന്റെ കല്പനകളുടെ ആചരണത്തിലും തീക്ഷ്ണതയുള്ളവരും ആക്കിത്തീർക്കണമെ"* (കിരീട വാഴ്വ്- സെദറ).

*"നിന്നെ സ്നേഹിക്കയും നിന്റെ കല്പനകൾ ആചരിക്കയും ചെയ്തിട്ടുള്ളവരായ വിശുദ്ധന്മാർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള വിരുന്നിന് ഞങ്ങളെയും ഇവരെയും യോഗ്യരാക്കുകയും ചെയ്യണമെ. ഞങ്ങളും ഇവരും നിന്റെ വലതുഭാഗത്ത് നിന്നുകൊണ്ട് നിന്റെ കരുണയെ ദർശിക്കയും നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ"* (കിരീടവാഴ്വ്- എത്രോ).

മണവാളനും മണവാട്ടിയ്ക്കും സാക്ഷികളായ വിശ്വാസ സമൂഹത്തിനും വിശുദ്ധന്മാർക്ക് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള അനശ്വരമായ വിരുന്നിൽ പങ്കാളിത്തം നൽകണമെ. ഞങ്ങളെല്ലാവരും നിന്റെ മഹത്വപ്രത്യക്ഷതയിങ്കൽ നിന്റെ വലതുഭാഗത്ത് നിൽപ്പാൻ നീ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മാത്രമല്ല നിനക്കു സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെന്ന് സഭ പ്രാർത്ഥിക്കുന്നു. വി.വിവാഹകൂദാശയിൽ സംബന്ധിക്കുന്ന വിശ്വാസ സമൂഹം ഇഹത്തിലും പരത്തിലും ദൈവ കൃപകൊണ്ട് നിറയുവാനായി സഭാമക്കൾ പ്രാർത്ഥിക്കുന്നു.

*മെസ്രേനിൽ നിന്ന് കൂട്ടിക്കൊണ്ടുപോന്ന മണവാട്ടിയോട് ഉടമ്പടി ചെയ്വാനായി സീനായിമലയിൽ ഇറങ്ങിവന്ന ആ മഹോന്നതൻ നിങ്ങളെയും നമ്മുടെ ഈ സംഘം മുഴുവനെയും അനുഗ്രഹിക്കുമാറാകട്ടെ* (കീരീടവാഴ്വ്- ആശിർവാദ പ്രാർത്ഥന)

*"നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ കൃപ ഞങ്ങളിലും നിങ്ങളിലും എന്നേക്കുമുണ്ടായിരിക്കട്ടെ"* (ഹൂത്തോമോ)

വി.വിവാഹകൂദാശയുടെ ആരാധനാക്രമത്തിൽ മണവാളനെയും മണവാട്ടിയെയും സന്നിഹിതരായിരിക്കുന്ന മുഴുവൻ സഭാമക്കളെയും അനുഗ്രഹിക്കുവാൻ പരിശുദ്ധ സഭ പ്രാർത്ഥിക്കുന്നു. ഇഹത്തിലും പരത്തിലും അവർക്ക് ആനന്ദത്തെ നൽകുവാൻ സഭ പ്രാർത്ഥിക്കുന്നുണ്ട്.

പരി. സുറിയാനി ഓർത്തഡോക്സ് സഭയുടെ ദൈവശാസ്ത്രം അതിന്റെ ആരാധനാ ക്രമത്തിൽ അടങ്ങിയിരിക്കുന്നു. വി.വിവാഹകൂദാശയുടെ ദൈവശാസ്ത്രം അതിന്റെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുവാൻ സാധിക്കും. മോതിര വാഴ് വിന്റെയും കിരീട വാഴ്വിന്റെയും ശുശ്രൂഷകളിലും വേദവായനകളിലും വിവിധ ചടങ്ങുകളിലുമായി ദൈവശാസ്ത്രം നിറഞ്ഞു നിൽക്കുന്നു. അച്ചൻ ഉപസംഹരിക്കുകയാണ്.

സമയം അഞ്ചുമണിയായി ഈ ദമ്പതീധ്യാനം ഇവിടെ അവസാനിക്കുന്നു. അച്ചൻ ക്ലാസ്സ് അവസാനിപ്പിച്ചു. പ്രാർത്ഥനയും ആശീർവാദത്തിനും ശേഷം കാപ്പികുടിയോടെ സമാപിച്ചു. എല്ലാവരും വളരെ സന്തോഷത്തോടെ പിരിഞ്ഞു.

ജോസഫും ലിസിയും നന്ദിയോടെ ദൈവത്തെ സ്തുതിച്ചു. ഫൈവ് ഫിംഗേഴ്സിനും തങ്ങളുടെ പ്രയത്നം വിജയിച്ചതിലുള്ള സന്തോഷം. ഉജ്വലമായ ക്ലാസ്സെടുത്ത വികാരിയച്ചനോട് ഔദ്യോഗികമായി നന്ദി പറയുവാൻ അച്ചന്റെ മുറിയിലേയ്ക്ക് ചെന്നപ്പോൾ അച്ചൻ പുഞ്ചിരിയോടെ അവരെ സ്വീകരിച്ചു.

അച്ചൻ ചോദിച്ചു.

"ക്ലാസ്സുകൾ മതിയായോ? ഇനിയും തുടരണമേ?

എല്ലാവരും ഒരേ ശബ്ദത്തിൽ പറഞ്ഞു.

"പോരാ ഇനിയും വേണം, ഞങ്ങൾ മറ്റൊരു സൗകര്യപ്രദമായ ദിവസം ക്രമീകരിച്ച് അച്ചനുമായി ചർച്ച ചെയ്യാം".

ശരി എങ്കിൽ എല്ലാവരും പൊയ്ക്കൊൾക. എനിക്കു സന്ധ്യാ പ്രാർത്ഥനയ്ക്കായി തയ്യാറാകണം. (തുടരും)

# കരുതൽ

**കെ.കെ. കുറിയാക്കോസ് കൂർക്കക്കാലായിൽ**
(മുഖ്യ മദ്ബഹാ ശുശ്രൂഷകൻ, സെന്റ് സൈമൺസ് ക്നാനായപള്ളി, വാകത്താനം)

വി.സഭയുടെ സത്യവിശ്വാസത്തെ നിലനിർത്തിക്കൊണ്ടുള്ള സകല ആത്മീയ കർമ്മങ്ങളിലും കർമ്മപഥത്തിലും വൈദികർക്കൊപ്പം ചേർന്നു നിന്നുകൊണ്ട് ഒരു ദൈവിക വിളിപോലെ നിലനിന്നുപോരുന്ന ഒരു ചെറുസമൂഹമാണ് വി. മദ്ബഹായിലെ മുഖ്യശുശ്രൂഷകർ.

യൗവ്വനക്കാർ മുതൽ വാർദ്ധക്യത്തിന്റെ പടിവാതിൽക്കപ്പുറത്തെത്താറായവർ പോലും ഈ കൂട്ടത്തിലുണ്ട്. ലഭിയ്ക്കുന്ന പ്രതിഫലത്തിനപ്പുറം ഒരു ദൈവിക ഉടമ്പടിപോലെ ശുശ്രൂഷ ചെയ്യുന്ന ഇവരുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും സദാ ബഹിർഗമിച്ചു കൊണ്ടിരിക്കുന്ന ഒരു മൗന നൊമ്പരമുണ്ട്. "നിങ്ങൾ അറിയുന്നില്ല എന്നന്തരംഗത്തിൽ ഞാൻ കാത്തുസൂക്ഷിക്കുമെൻ മൗനദുഃഖം എരിയുമെൻ ആത്മാവിൽ നിന്നുയർന്നു പടരുന്ന പുകമറമാത്രമല്ലീ പ്രപഞ്ചം". ഇതിനു കാരണം പ്രതിജ്ഞാബദ്ധരായിരിക്കുന്ന തങ്ങളിൽ അടങ്ങിയിരിക്കുന്ന വിശുദ്ധിയുടെ തിരശ്ശീലയ്ക്കുള്ളിലെ കർമ്മങ്ങൾക്കൊപ്പം തങ്ങളോടു ചേർന്നു നിൽക്കുന്ന കുടുംബ ജീവിതത്തിന്റെ പ്രാരാബ്ദത്തിന്റെ ഭാരമേറിയ ഒരു മാറാപ്പും തോളിലുണ്ട്. ഈ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരാതെയായിരിക്കണം ഒരു മുഖ്യശുശ്രൂഷകന്റെ ശൈലി.

ലോകവ്യാപകമായി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളും താറുമാറാക്കിക്കൊണ്ട് അപ്രതീക്ഷിതമായി കടന്നുവന്ന ഈ കോവിഡ് കാലഘട്ടത്തിൽ ചുറ്റുപാടുമുള്ള നിസ്സഹായകരുടെ സഹനഗീതം ശ്രദ്ധിക്കുന്ന ചിലരെങ്കിലും ഉണ്ടാകും. സാന്ത്വനത്തിന്റെ ഒരു തൂവൽ സ്പർശനംപോലെ ജീവിതം വഴിമുട്ടി നിൽക്കുന്ന എല്ലാ മുഖ്യശുശ്രൂഷകരിലേക്കും നീട്ടപ്പെട്ട കരങ്ങളുടെ ഉടമകളായ സുമനസ്സുകളായ വ്യക്തികളുടെ ധാർമ്മികതയെ ഈ അവസരത്തിൽ ഓർക്കുന്നു. ഇതിനുദാഹരണമാണ് ആലുംമൂട്ടിൽ റവ.ഫാ. എ.റ്റി.ഏബ്രഹാം, ശ്രീ.ബാബു ഏബ്രഹാം പട്ടുകാലായിൽ എന്നിവർ. ബഹു. ആഞ്ഞിലിമൂട്ടിൽ അച്ചന്റെ സഹായ നിധിയിൽ നിന്നും രണ്ടായിരം രൂപ വീതവും ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകാംഗവും, ബഹ്റൈൻ സെന്റ് ഗ്രീഗോറിയോസ് പള്ളി സ്ഥാപക അംഗവുമായ പട്ടുകാലായിൽ ശ്രീ. ബാബു ഏബ്രഹാമിൽ നിന്നും പതിനായിരം രൂപ വീതവും 66 മുഖ്യശുശ്രൂഷകർക്കു ലഭിക്കുകയുണ്ടായി എന്നും ഇവരുടെ കരങ്ങൾ അർഹതയുള്ളവരിലേയ്ക്ക് തേടി എത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സഭയിലെ എല്ലാ മദ്ബഹാ മുഖ്യശുശ്രൂഷകർക്കും വേണ്ടി നന്ദിയും കടപ്പാടും അറിയിക്കുന്നു.

**അനുബന്ധം**

ധർമ്മം സദാ സത്ഗുണം
സജ്ജനങ്ങളിൽ
മനോദർപ്പണം പോൽ
ഉയരട്ടെ ക്ഷീരപഥത്തിൽ
ധർമ്മത്തിൽ മുക്തസൗധങ്ങളാം
സൗഭാഗ്യ തീഷ്ണ
ഊഷരരാവിൽ ഓടിയെത്തും
കുളിർകാറ്റുപോലെ
വീശട്ടെ ധർമ്മത്തിൽ ഒളിയെന്നും
മാനവഹൃദ്തടങ്ങളിൽ

## ദീപാങ്കുരം - 2021

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ സമുദായ അംഗങ്ങൾക്കായ് കവിതാരചന, ചെറുകഥ, ലേഖനം എന്നീ മത്സരങ്ങൾ നടത്തുന്നു.

**ചെറുകഥാ മത്സരം:-**
15 മുതൽ 30 വയസ്സുവരെയുള്ളവർക്ക്.

**കവിതാ രചന, ലേഖന മത്സരം**
(30 വയസിനു മുകളിൽ പ്രായം ഉള്ളവർക്ക്)

**ചെറുകഥാ മത്സരം, ലേഖന മത്സരം**, ഇവ A4 Sheet ന്റെ രണ്ട് Printed പേജിൽ കവിയരുത്.

കവിതാ രചനയിൽ പങ്കെടുക്കുന്നവർ A4 Sheet ന്റെ ഒരു Printed പേജിൽ കവിയരുത്.

ലേഖന മത്സരത്തിന്റെ വിഷയം: **കോവിഡും ക്രൈസ്തവ ജീവിതവും** എന്നതാണ്.

പങ്കെടുക്കുന്നവർ 2021 ഫെബ്രുവരി 28-ന് മുൻപായി പ്രിന്റഡ് രചനകൾ മേൽവിലാസം, ഫോൺ നമ്പർ സഹിതം ക്നാനായ ദീപം ഓഫീസിൽ എത്തിക്കേണ്ടതാണ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

അയക്കേണ്ട മേൽവിലാസം
**ചീഫ് എഡിറ്റർ, ക്നാനായദീപം**
**ക്ലീമ്മീസ് സെന്റർ, ചിങ്ങവനം P.O.**
**കോട്ടയം, 686531,**
**Ph. 0481-2430176, 8547584440**
**Email- kna.deepam@gmail.com**

## തിരുപ്പിറവി

**ലീലാമ്മ ചെറിയാൻ,**
**കാരയ്ക്കാട്ട്, കോട്ടയം**

ബേത്‌ലഹേമിൽ കാലിത്തൊഴുത്തിൽ
മഞ്ഞുപെയ്യുന്ന കുളിരുന്ന രാത്രിയിൽ
മറിയം തൻ പുത്രനായ്
ഉണ്ണി പിറന്നു... രാജാധിരാജൻ പിറന്നു

താരാപഥങ്ങൾ തിളങ്ങിനിന്നു
തേജസ്സോടെ നീലവാനിൽ
പൊന്ന്, മൂര്, കുന്തിരിക്കം
കാഴ്ചവച്ചു വിദ്വാന്മാർ
ഉണ്ണി പിറന്നു...ദേവാധിദേവൻ പിറന്നു

ഹല്ലേലുയ്യ പാടി, ദൂതവൃന്ദം വാഴ്ത്തി
അന്ധകാരം നീക്കീടുവനായ്
സ്നേഹദീപം അവതരിച്ചു
ഉണ്ണി പിറന്നു..മിശിഹാ രാജൻ പിറന്നു.

മാനവരാശിക്കു ശാന്തിയേകാൻ
ദൈവം തൻ സുതനെ അയച്ച രാത്രി
പ്രവാചക വചനം നിവർത്തിച്ച രാത്രി
വാഴ്ത്തി സ്തുതിക്കാം ലോക നാഥനെ
ഉണ്ണി പിറന്നു... യേശു ദേവൻ പിറന്നു.

# ദേശീയ വിദ്യാഭ്യാസ നയം 2020 കുട്ടികളും മാതാപിതാക്കളും അറിയേണ്ടത്

ഡോ. രോണി ജയിൻ രാജു, അസിസ്റ്റന്റ് പ്രൊഫ. സെന്റ്തോമസ് കോളേജ്, റാന്നി

21-ാം നൂറ്റാണ്ടിലെ ആദ്യ വിദ്യാഭ്യാസ നയമാണ് ദേശീയ വിദ്യാഭ്യാസനയം 2020. സ്കൂൾ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വൻതോതിലുള്ള പരിവർത്തനങ്ങൾക്കും വഴിയൊരുക്കുന്നതാണ് ഈ നയം. 34 വർഷം പഴക്കമുള്ള, 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തെ പുന:സ്ഥാപിക്കുന്നതാണ് പുതിയ നയം. 21-ാം നൂറ്റാണ്ടിലെ ആവശ്യങ്ങൾക്ക് അനുയോജ്യമായി ഓരോ വിദ്യാർത്ഥിയുടെയും അതുല്യമായ കഴിവുകൾ പുറത്തെടുക്കുന്നതിനുള്ള ലക്ഷ്യമിട്ട്, സ്കൂൾ കോളേജ് വിദ്യാഭ്യാസത്തെ സമഗ്രവും, ബഹുമുഖവും ആഗോള തലത്തിൽ വിജ്ഞാനമേഖലയിലെ ശക്തികേന്ദ്രമാക്കി മാറ്റാനാണ് പുതിയ നയം ലക്ഷ്യമിടുന്നത്.

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള 6 മുതൽ 16 വയസ്സിനുള്ളിൽ വരുന്ന 10+2 ഘടന മാറ്റി, 3 മുതൽ 18 വയസ്സുവരെ 5+3+3+4 എന്ന ഘടനയിലേക്ക് മാറുന്നു. മൂന്ന് മുതൽ ആറ് വയസ്സുവരെയുള്ള അംഗൻവാടി പ്രി-സ്കൂൾ ഘട്ടം പഠനത്തിന്റെ ഭാഗമായി. അതിനു പുറമെ നാല് വിദ്യാഭ്യാസ തലമാണ് പുതിയ വിദ്യാഭ്യാസനയം മുമ്പോട്ട് വയ്ക്കുന്നത്.

1) അടിസ്ഥാനഘട്ടം (foundational stage)

3 മുതൽ എട്ടു വയസ്സുവരെയുള്ള 5 വർഷം. ഇതിൽ ആദ്യ 3 വർഷം പ്രി പ്രൈമറിയും, ഒപ്പം ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും ചേരും. 3 വയസ്സു മുതൽ 8 വയസ്സുവരെയുള്ള 5 വർഷമാണിത്.

2) പ്രിപറേറ്ററി ഘട്ടം (preparatory stage)

3 മുതൽ 5 വരെ ക്ലാസ്സുകളിലെ പഠനമാണ് ഈ ഘട്ടം. ഇത് 8 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്കാണ്. രണ്ടാം ഘട്ടമായ ഈ ഘട്ടംവരെ, മാതൃഭാഷയിലോ പ്രാദേശിക ഭാഷയിലോ പഠനം നടത്താം

3) മിഡിൽ ഘട്ടം (Middle stage)

6 മുതൽ 8-ാം ക്ലാസ്സുവരെയാണ് ഈ ഘട്ടം. അതായത് 11 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾ. ഈ ഘട്ടത്തിൽ കുട്ടികൾക്ക് ഇന്റേൺഷിപ്പോടുകൂടി തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നല്കും.

4) സെക്കന്ററി ഘട്ടം (Secondary stage)

ഈ ഘട്ടത്തിൽ 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയാണ്. അതായത് 14 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾ.

ഇതിനുപുറമെ വിവിധ മാറ്റങ്ങളിലൂടെയാണ് ഇന്ത്യൻ വിദ്യാഭ്യാസം കടന്നുവരുന്നത്.

* 10,12 ക്ലാസ് ബോർഡ് പരീക്ഷകൾ തുടരുമെങ്കിലും അവയുടെ സ്വഭാവത്തിൽ മാറ്റം വരും. 3,5,8 ക്ലാസുകളിൽ സ്കൂൾ തലത്തിൽ നിർബന്ധിത പരീക്ഷ.

* സർവകലാശാല, കോളേജ് പ്രവേശനത്തിനു നാഷണൽ ടെസ്റ്റിങ്ങ് ഏജൻസിയുടെ പൊതുപരീക്ഷ.

* സ്കൂൾ തലത്തിൽ തന്നെ ആർട്സ് സയൻസ് വേർതിരിവും പാഠ്യപാഠ്യേതര വേർതിരിവും പരമാവധി കുറയ്ക്കും.

* പഠനാനുബന്ധ പ്രവർത്തനങ്ങളിലെ മികവ് കണക്കാക്കിയാണ് മൂല്യനിർണ്ണയം.

* ബിരുദപഠനം നാല് വർഷമായിരിക്കും. 4 വർഷ ഡിഗ്രിയുടെ ഏതു വർഷവും പഠനം അവസാനിപ്പിക്കുക സൗകര്യം. ആദ്യവർഷം മാത്രമെങ്കിൽ തൊഴിലധിഷ്ഠിത പഠന സർട്ടിഫിക്കറ്റ്, രണ്ടാം വർഷമെങ്കിൽ ഡിപ്ലോമ, മൂന്നാം വർഷം ബിരുദം. നാലാം വർഷം ഗവേഷണാധിഷ്ഠിത ബിരുദം.

* ബിരുദാനന്തരബിരുദം നിലവിൽ ഉള്ളതുപോലെ 2 വർഷം തുടരും. 4 വർഷ ഗവേഷണാധിഷ്ഠിത ബിരുദം കഴിഞ്ഞവർക്ക് ഒരു വർഷം മാത്രമേ കാണുകയുള്ളു.

* M.phil ഡിഗ്രി നിർത്തലാക്കി.

* 2030 ആകുമ്പോഴേക്കും അദ്ധ്യാപനത്തിനുള്ള കുറഞ്ഞ യോഗ്യത 4 വർഷ ഇന്റഗ്രേറ്റഡ് B.ed ആകും. അദ്ധ്യാപകർക്ക് ദേശിയ തലത്തിൽ പ്രൊഫഷണൽ മാനദണ്ഡങ്ങൾ വരും.

* ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നു നേടിയ അക്കാദമിക് ക്രെഡിറ്റുകൾ ഡിജിറ്റലായി സംഭരിക്കാൻ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്. ഇത്തരത്തിൽ നിശ്ചിത ക്രെഡിറ്റിന്റെ അടിസ്ഥാനത്തിൽ ബിരുദം നേടാം.

* സാങ്കേതിക വിദ്യയെ കൂടുതലായി ആശ്രയിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് നിലവിൽ വരുന്നത്.

* രാജ്യത്തിന്റെ ആഗോള നിലവാരത്തിലുള്ള IIT, IIM എന്നിവയ്ക്ക് തുല്യമായി മൾട്ടി ഡിസിപ്ലിനറി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റികൾ (M.E.R.U) സ്ഥാപിക്കും.

* ശക്തമായ ഗവേഷണ സംസ്കാരം വളർത്തി എടുക്കുന്നതിനു പുതിയ വിദ്യാഭ്യാസ നയം ഊന്നൽ നൽകുന്നു.

* സംസ്കൃതത്തിനു പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായമായിരിക്കും. ത്രിഭാഷ പഠനസംവിധാനം ഉണ്ടായിരിക്കും. അതായത് കുട്ടികൾ മൂന്ന് ഭാഷകൾ നിർബന്ധമായും പഠിച്ചിരിക്കണം.

ഇന്ത്യയെ ഗ്ലോബൽ സ്റ്റഡി ടെസ്റ്റിനേഷൻ (Global Study Destination) ആയി മാറ്റി എടുക്കുക. 'Premium Education at Affordable cost" എന്ന രീതിയിലേക്ക് ഇന്ത്യൻ വിദ്യാഭ്യാസം മാറും.

* എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളാകും.

* എല്ലാ കോളേജുകളിലും ഭാഷ, സാഹിത്യം, സംഗീതം, കല, നൃത്തം, നാടകം, വിദ്യാഭ്യാസം, ഗണിതം, സാമൂഹ്യശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയവ പഠിപ്പിക്കണം.

* ലോകത്തെ മികച്ച 100 വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തിക്കാൻ സൗകര്യമൊരുക്കും.

* കോളേജുകളുടെ അഫിലിയേഷൻ ഘട്ടംഘട്ടമായി അവസാനിപ്പിച്ച് 15 വർഷംകൊണ്ട് സ്വയഭരണാവകാശം നൽകുക. ഈ കാലയളവിനുള്ളിൽ ഓരോ കോളേജുകളിലും സ്വയംഭരണ കോളേജുകളോ അല്ലെങ്കിൽ ഏതെങ്കിലും സർവകലാശാലയുടെ ഉപവിഭാഗമായോ പ്രവർത്തിക്കും.

* ബിരുദ തല കോഴ്സുകളിൽ വിവിധ വിജ്ഞാനശാഖകൾ കൂട്ടിച്ചേർക്കും അക്കാദമിക് കോഴ്സുകൾക്കൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകളും ഉൾപ്പെടുത്തും.

10 വർഷം കൊണ്ട് രാജ്യത്തെ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുകയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നത്. അങ്ങനെ ഇന്ത്യൻ വിദ്യാഭ്യാസം അടിമുടി മാറുകയാണ്. 34 വർഷത്തിനുശേഷം നിലവിൽ വന്ന ഈ വിദ്യാഭ്യാസ നയം, കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നു. ആ മാറ്റങ്ങളിലൂടെ നമ്മുടെ കുഞ്ഞുങ്ങൾ അവരുടെ വിദ്യാഭ്യാസം പൂർത്തികരിക്കട്ടെ.



# ഝാൻസിറാണി ലക്ഷ്മിബായ്- സ്വാതന്ത്ര്യസമരത്തിലെ മിന്നൽ പിണർ

എബി

ഇൻഡ്യയുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ എന്നും ജ്വലിച്ചു നിൽക്കുന്ന ഒരു വെള്ളി നക്ഷത്രമാണ് റാണി ലക്ഷ്മി ബായ് എന്ന ഝാൻസി റാണി. ആ ധീര വനിതയുടെ വീര സ്മരണ ഭാരതീയ ജനതയെ ഇന്നും കോൾമയിർ കൊള്ളിക്കുന്നു. അവരുടെ അസാമാന്യമായ ധൈര്യവും ദേശസ്നേഹവും പിൻതലമുറയിലെ സ്വാതന്ത്ര്യസമരസേനാനികളുടെ പോരാട്ട വീര്യത്തിന് മൂർച്ചയേകി. അതുകൊണ്ടാണ് ആ മഹതിയെ ഇൻഡ്യയുടെ 'ജോൻ ഓഫ് ആർക്ക്' എന്ന് വിളിക്കുന്നത്. ജോൻ ഓഫ് ആർക്കിനെപോലെ പലപ്പോഴും പുരുഷവേഷം ധരിച്ച് യുദ്ധമുഖത്ത് ലക്ഷ്മിബായ് പോരാടിയിട്ടുണ്ട്.

1828 നവംബർ 19-ന് വാരണാസിയിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് ലക്ഷ്മി ബായ് ജനിച്ചത്. മണി കർണ്ണിക എന്നു പേരുള്ള അവരെ മനുബായി എന്നും വിളിച്ചിരുന്നു. മണി കർണ്ണികയ്ക്ക് നാലു വയസുള്ളപ്പോൾ അമ്മ ഭാഗീരഥിബായ് മരണമടഞ്ഞു. പിതാവ് മോരോപാന്ത് താമ്പെ ജോലി ചെയ്തിരുന്ന പേഷ്വ ബാജിറാവു രണ്ടാമന്റെ കൊട്ടാരത്തിലാണ് ബാല്യകാലം കഴിച്ചത്. പഠനത്തിൽ മുമ്പിലായിരുന്ന മണി കർണ്ണിക ആയോധന കലകളിലും കുതിര സവാരിയിലും പ്രാവീണ്യം തെളിയിച്ചു.



പതിനാലാം വയസിൽ ഝാൻസിയിലെ രാജാവ് ഗംഗാധർ റാവുവിനെ വിവാഹം കഴിച്ചു. വിവാഹത്തിനുശേഷം രാജനിയമ പ്രകാരം മനുബായ് റാണി ലക്ഷ്മിബായ് ആയി മാറി. 1851 ൽ ഒരു മകൻ ജനിച്ചെങ്കിലും നാലു മാസത്തിനുള്ളിൽ മരണമടഞ്ഞു. മകന്റെ അകാല ചരമത്തിൽ ഗംഗാധർ റാവു മാനസികമായി തളർന്നു. ഇതിനുശേഷം ഗംഗാധർ റാവുവും ലക്ഷ്മിബായിയും ദാമോദർ റാവു എന്ന ബാലനെ മകനായി ദത്തെടുത്തു.

കടിഞ്ഞൂൽ പുത്രന്റെ മരണം തളർത്തിയ ഗംഗാധർ റാവു 1853 ൽ അന്തരിച്ചു. ഗാഗാധർ റാവുവിന്റെ മരണശേഷം അനന്തരാവകാശികളില്ലെന്ന പേരിൽ ബ്രിട്ടിഷുകാർ ഝാൻസി കൈയ്യടക്കി. 1854 ൽ അറുപതിനായിരം രൂപാ പെൻഷൻ നൽകി രാജ്ഞി കൊട്ടാരം വിട്ടു പോകാൻ ആവശ്യപ്പെട്ടു. രാജ്ഞി ചെറുത്തുനിന്നെങ്കിലും വില പോയില്ല അവസാനം ചെറിയൊരു സൈന്യവുമായി റാണി കൊട്ടാരം വിട്ടു. കുതിരകളുടെ പുറത്തും പല്ലക്കിലുമൊക്കെയായിരുന്നു റാണിയുടെ യാത്ര.

1857 ലെ ശിപായി ലഹളയോടു ചേർന്നുണ്ടായ കലാപത്തിൽ ബ്രിട്ടീഷുകാർ ഝാൻസി വിട്ടുപോയി.രാജ്യം അരാജകത്വത്തിലേക്കു നീങ്ങി. തന്റെ രാജ്യത്തെ രക്ഷിക്കേണ്ട ചുമതല രാജ്ഞി ഏറ്റെടുത്തു.

ശിപായി ലഹളക്കു ശേഷം ഏതാണ്ട് ഒരു വർഷത്തോളം റാണി ഝാൻസി ഭരിക്കുകയുണ്ടായി. ഭരണ കാര്യങ്ങളിൽ പരിചയമില്ലാതിരുന്നിട്ടും മികച്ച രീതിയിൽ ഭരണം നടത്താൻ റാണിക്കു കഴിഞ്ഞു. സമാധാനവും സന്തോഷവും ഝാൻസിയിലേക്കു തിരിച്ചുവന്നു. ഭരണം ഏറ്റെടുക്കുമ്പോൾ റാണിക്ക് കേവലം 22 വയസു മാത്രമായിരുന്നു പ്രായം. കൂർമ്മ ബുദ്ധിയും അസാമാന്യ ഭരണ പാടവവമുള്ള ഒരു സ്ത്രീയായിരുന്നു റാണി ലക്ഷ്മിബായ് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

1858 വരെ ഝാൻസി റാണിയുടെ ഭരണമികവിൽ സമാധാനത്തോടെ കഴിയുകയായിരുന്ന ഝാൻസിയെ ശക്തമാക്കാനെന്ന വ്യാജേന ബ്രിട്ടൻ സൈന്യത്തെ ഝാൻസിയിലേക്ക് അയച്ചു. സർ. ഹ്യൂഗ് റോസിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സേന 1858 മാർച്ച് 23 ന് ഝാൻസി വളഞ്ഞു. ആയുധം വച്ച് കീഴടങ്ങാൻ ഹ്യൂഗ് റാണിയെ അറിയിച്ചു. റാണി ഭീഷണിക്ക് വഴങ്ങാതെ ബ്രിട്ടീഷ് സേനക്കെതിരെ അതിശക്തമായി തിരിച്ചടിച്ചു. എങ്കിലും യുദ്ധനിപുണരായ ബ്രിട്ടനോട് അധികനേരം പിടിച്ചുനിൽക്കാനാവില്ലെന്നു മനസിലാക്കിയ റാണി താന്തിയാ തോപ്പിയുടെ സഹായം തേടി. താന്തിയാ തോപ്പിയുടെ നേതൃത്വത്തിൽ ഇരുപതിനായിരം പേരടങ്ങുന്ന സൈന്യം റാണിയുടെ സഹായത്തിനെത്തിയെങ്കിലും ബ്രിട്ടീഷു സൈന്യത്തെ തോല്പിക്കാനായില്ല. അവസാനം കൊട്ടാരം വിട്ടുപോകാൻ റാണി തീരുമാനിച്ചു. മകനെ പുറത്തു ചേർത്തു ബന്ധിച്ചശേഷം 'ബാദൽ' എന്ന തന്റെ കുതിരയുടെ പുറത്തു കയറി കോട്ടയുടെ മുകളിൽ നിന്നും താഴേക്കു ചാടി റാണി രക്ഷപെടുകയായിരുന്നു. സാഹസികമായ ഈ ചാട്ടത്തിൽ റാണിയും മകനും രക്ഷപെട്ടെങ്കിലും കുതിര അന്ത്യശ്വാസം വലിച്ചു. 'കല്പി'ലക്ഷ്യമാക്കി റാണി പത്തു വയസുള്ള പുത്രനുമൊത്ത് യാത്ര ചെയ്തു. ബ്രിട്ടീഷ് സേന കല്പിയും ആക്രമിച്ചു കീഴടക്കിയപ്പോൾ ഗ്വാളിയർ രാജാവിനെ തോല്പിച്ച് ഗ്വാളിയർ കോട്ടയിൽ അഭയം തേടി. താമസിക്കാതെ ബ്രിട്ടീഷ് സേന കോട്ട വളയുകയും ആക്രമണം തുടങ്ങുകയും ചെയ്തു. കടുത്ത യുദ്ധത്തിൽ നേർക്കു നേരെയുള്ള പോരാട്ടത്തിൽ റാണിക്ക് മാരകമായി മുറിവേറ്റു. താമസിക്കാതെ റാണി ലക്ഷ്മിബായ് വീരമൃത്യു അടഞ്ഞു. ഗ്വാളിയറിലെ കോട്ടയുടെ അടുത്തുള്ള ഒരു വലിയ പുളിമരത്തിന്റെ താഴെയാണ് റാണിയുടെ മൃതദേഹം ദഹിപ്പിച്ചത്. എല്ലാവിധ ബഹുമതികളോടെയുമാണ് റാണിയുടെ സംസ്ക്കാര ചടങ്ങുകൾ നടന്നതെന്ന് ഹ്യൂഗ് റോസ് സാക്ഷ്യപ്പെടുത്തുന്നു.

അങ്ങനെ ഒരു മിന്നൽ പിണർ പോലെ ജീവിച്ച് അവസാന നിമിഷംവരെയും മാതൃഭൂമിക്കുവേണ്ടി യുദ്ധം ചെയ്ത റാണി ലക്ഷ്മിബായ് എന്ന ഝാൻസി റാണി 1858 ജൂൺ 18-ന് വീരചരമം പ്രാപിച്ചു. ആ ധീര വനിതയുടെ പേര് ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ അനശ്വര കഥാപാത്രമായി നിലനിൽക്കുന്നു.

# അറിവാണ് ശക്തി

റ്റി. സി. തോമസ് തോപ്പിൽ
(ക്നാനായ കമ്മറ്റി അംഗം)

'വിദ്യാധനം സർവ്വധനാൽ പ്രധാനം'. ഏതു മലയാളിക്കും സുപരിചിതമായ ഒരു മൊഴിയാണ്. അറിവാണ് യഥാർത്ഥ ശക്തി (Knowledge is power). അറിവും ശക്തിയും സഹയാത്രികരാണ്. അറിവു വർദ്ധിപ്പിക്കുന്നവൻ തന്റെ ശക്തി അഥവാ അധികാരം വർദ്ധിപ്പിക്കുകയാണ്. അറിവിനെക്കാൾ ശക്തമായ ഒരായുധമില്ല. ലോകത്തുള്ള എല്ലാം നിങ്ങൾക്കറിയാം, എന്നാൽ അയൽക്കാരന്റെ പേരുപോലും അറിയില്ലെങ്കിൽ നിങ്ങളുടെ അറിവ് അപൂർണ്ണമാണ്. ഒരു സ്ക്രൂ തിരിച്ചാൽ പരിഹരിക്കാൻ കഴിയുന്നത്ര ലളിതമാകാം പലപ്പോഴും നമ്മുടെ പ്രശ്നങ്ങൾ. പക്ഷേ ഏതു സ്ക്രൂവാണ് തിരിക്കേണ്ടതെന്നറിയാത്തതാണ് നാം നേരിടുന്ന പ്രതിസന്ധി. അജ്ഞത ഇരുട്ടും അറിവ് പ്രകാശവുമാണ്. അറിവുള്ളവനേ ഉന്നതമായി ചിന്തിക്കാൻ കഴിയൂ.

പ്രകൃതി ശക്തികളെ വരുതിയിലാക്കി നിയന്ത്രിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതും അറിവാണ്. അറിവിന്റെ ശക്തിയാൽ ലോകം ചുരുങ്ങി ആഗോള ഗ്രാമമായിത്തീരുകയും, അതിന്റെ കുതിച്ചുചാട്ടത്തിൽ ദൂരങ്ങൾ കുറയുകയും ചെയ്യുന്നു. ചരിത്രാതീത മനുഷ്യൻ അജ്ഞനും ദുർബലനും നിസ്സഹായനും ആയിരുന്നു. ക്രമേണ അവൻ തലച്ചോറുപയോഗിച്ച് അറിവു നേടി. ഇന്ന് അവനാണ് ഏറ്റവും കരുത്തുള്ള ജീവി. സൗരയൂഥവും അന്യഗ്രഹങ്ങളും ഇന്ന് അവന് അന്യമല്ല. പ്രപഞ്ചത്തിലെ പല നിഗൂഢ രഹസ്യങ്ങളെപ്പറ്റിയും അവനു വ്യക്തമായ അറിവുകളുണ്ട്. ശക്തന്മാർ മാത്രം വിജയിക്കുമായിരുന്നെങ്കിൽ ആനകളും സിംഹങ്ങളും ലോകം ഭരിച്ചേനെ. എന്നാൽ നിസ്സാരനായ മനുഷ്യൻ തന്റെ ബുദ്ധിയും അറിവും ഉപയോഗിച്ച് തന്റെ ആജ്ഞയ്ക്കനുസരിച്ച് അവയെ ഭരിക്കുകയാണ്. അപ്പോൾ ശരീരബലമല്ല പ്രധാനം. അറിവു തുടർന്നും ലോകത്തെ ഭരിച്ചുകൊണ്ടിരിക്കും.

മനുഷ്യ പുരോഗതിയുടെയും സംസ്ക്കാരത്തിന്റെയും പരിണാമചരിത്രം അക്ഷരാർത്ഥത്തിൽ അറിവിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ വിവരണമാണ്. തൂലിക പടവാളിനെക്കാൾ ശക്തിയുള്ളതാണ്. രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും ശക്തിക്കു പിന്നിൽ പ്രവർത്തിച്ചിരുന്നത് ജ്ഞാനികളും രാജഗുരുക്കന്മാരുമാണ്. മൗര്യ സാമ്രാജ്യത്തിന്റെ വിധി നിർണ്ണയിച്ചിരുന്നത് ചാണക്യന്റെ ബുദ്ധിയായിരുന്നു. തൂലികയെക്കാൾ ശക്തി പടവാളിനില്ല. അറിവ്, ജ്ഞാനം, വിജയത്തിന്റെ രഹസ്യങ്ങൾ ഇവയാണ് തൂലിക പ്രതിനിധാനം ചെയ്യുന്നത്. എന്നാൽ വാൾ നശീകരണത്തെ സൂചിപ്പിക്കുന്നു. അറിവ് അഗ്നിയാണെന്ന് ഭാരതീയ സങ്കല്പം. അഗ്നി എന്നു പറയുമ്പോൾ എല്ലാറ്റിനെയും പ്രകാശമാനമാക്കുന്നു. എല്ലാത്തിനെയും ശുദ്ധീകരിക്കുന്ന സാന്നിദ്ധ്യം. ഈശ്വരൻ വെളിച്ചമായി പ്രത്യക്ഷപ്പെടുന്നു എന്നു പറയുന്നത് ഈ സങ്കല്പത്തിലാണ്. 'തമസോമ ജ്യോതിർഗമയ' എന്ന പ്രസിദ്ധമായ ഉപനിഷത് മന്ത്രത്തിന്റെ പൊരുൾ ഇതാണ്. തമസ്സ് അജ്ഞാനവും (ഇരുട്ട്) ജ്യോതിസ്സ് അറിവുമാണ് (വെളിച്ചം). വിജ്ഞാന വിസ്ഫോടനത്തിന്റെ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പണമുള്ളവന്റെ പണം നഷ്ടപ്പെട്ടേക്കാം. പക്ഷേ അറിവു നഷ്ടപ്പെടുക സാധാരണമല്ല. "കൊണ്ടുപോകില്ല ചോരന്മാർ കൊടുക്കുന്തോറുമേറിടും" എന്ന് വിദ്യയെപ്പറ്റി കവി പറഞ്ഞത് ഓർക്കുക.

എങ്ങനെയാണ് അറിവു നമ്മിൽ എത്തിച്ചേരുന്നത്. കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടും ചുറ്റുപാടുനിന്നു കാര്യങ്ങൾ ഗ്രഹിക്കുന്നു. കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് എന്നീ പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളാണിവ. ഏറ്റവും കൂടുതൽ അറിവു ലഭിക്കുന്നത് ഗ്രന്ഥങ്ങൾ വഴിയാണ്. വിദ്യാഭ്യാസം എന്നത് സ്കൂളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. Education begin in womb ends in tomb എന്നു പറയുന്നുണ്ട്. അഭിമന്യു ഗർഭപാത്രത്തിൽ കിടന്ന് ചക്രവ്യൂഹം തകർക്കാൻ പഠിക്കുന്നതായി നാം വായിച്ചിട്ടുണ്ട്. ഗർഭത്തിൽ തന്നെ പഠനം തുടങ്ങുന്നുവെന്ന് അതെഴുതി വച്ച ഋഷിക്കറിയാമായിരുന്നു. അറിവാണ് ജേതാവിന്റെ ശക്തി. വിജയം ഒരു യാത്രയാണെന്നതിനാൽ ഈ യാത്രയിലുടനീളം പഠനം തുടർന്നുകൊണ്ടിരിക്കേണ്ടതും അനിവാര്യമാണ്. അടങ്ങാത്ത വിജ്ഞാന തൃഷ്ണയാണ് വിജയപഥത്തിന്റെ ഊർജ്ജം. വിജയമെന്ന യാത്രയിലെ ഒരു ലക്ഷ്യം നേടിയശേഷം എല്ലാമായെന്നു കരുതി തുടർപഠനവും, വായനയും, അറിവു സമ്പാദനയും മറന്ന് മനസ്സ് അടച്ചിട്ടിരുന്നാൽ നേടിയ വിജയം പതുക്കെ പിൻവാങ്ങും. ഇന്നത്തെ ലോകം അറിവിന്റെ ലോകമാണ്. വിവര സാങ്കേതിക വിദ്യയുടെ കാലമാണ്. വിജ്ഞാന വിപ്ലവത്തിന്റെ കാലഘട്ടത്തിലൂടെയാണ് നാം ഓരോരുത്തരും കടന്നുപോകുന്നത്. എല്ലാറ്റിനും ഉപരിയായി അറിവിലധിഷ്ഠിതമായ ഒരു സമ്പദ്വ്യവസ്ഥയുടെ പന്ഥാവിലൂടെയാണ് നാം സഞ്ചരിക്കുന്നത്. സന്യാസികൾക്കു മുമ്പിൽ രാജാക്കന്മാർപോലും പ്രണമിച്ചിരുന്നത് അവർക്ക് അറിവും ജ്ഞാനവും ഉള്ളതുകൊണ്ടായിരുന്നു. Fear knowledge, not power എന്നാണ് ഈജിപ്തിലെ ഫറവോ ചക്രവർത്തി തന്റെ പിരമിഡിനുമേൽ കൊത്തിവച്ചത്. അതിവേഗം മാറിമറിയുന്ന വിജ്ഞാന പ്രളയത്തിലെ മാറ്റങ്ങൾ അനുസരിച്ച് നീങ്ങുന്ന ആളെ മാത്രമെ ഇന്ന് സാക്ഷരനെന്നു കരുതാനാവൂ. നിങ്ങൾ ജീവിക്കുന്ന ഡൈനാമയാണ്. അതുവേണ്ട വിധം ഉപയോഗിക്കുന്നില്ല എന്നതാണ് വാസ്തവം. മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്ഥമായി മനുഷ്യനുള്ളത് ഈ ശക്തിയെക്കുറിച്ചറിയാനുള്ള ശക്തി അവനുണ്ടെന്നുള്ളതാണ്. ഈ അറിവുള്ള ആളുകളാണ് ലോകത്തിനു നിസ്തുലമായ സംഭാവനകൾ നൽകിയത്. അറിവിലൂടെ ലോകത്തിന്റെ വിനാശത്തിനല്ല മറിച്ച് മനുഷ്യന്റെ നന്മക്കായി വിനിയോഗിക്കാൻ മനുഷ്യനു സാധിക്കണം. നമ്മുടെ അറിവുകൾ മറ്റുള്ളവർക്കുപകർന്നു നൽകി പങ്കിട്ടു വർദ്ധിപ്പിക്കാൻ സാധിക്കണം. ദേശീയതലത്തിൽ ഉന്നത തസ്തികകളിലേക്കും മറ്റുമുള്ള മത്സര പരീക്ഷകളിലും അഭിമുഖങ്ങളിലും ഒരു വ്യക്തിയുടെ അറിവും അറിവിനെ വിശകലനം ചെയ്യുന്ന രീതിയുമാണ് പ്രധാനമായും പരീക്ഷിക്കപ്പെടുന്നത്. മത്സരങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നതിന് ആനുകാലിക വിഷയങ്ങളിൽ ലോകത്തു നടക്കുന്ന മാറ്റങ്ങളെ വീക്ഷിച്ച് അറിവു വർദ്ധിപ്പിക്കുന്ന വ്യക്തിക്കു മാത്രമെ മത്സരക്ഷമത കൂട്ടാൻ സാധിക്കൂ. കോളജുപഠനം പൂർത്തിയാക്കുന്നതോടെ താൻ പഠിക്കാനുള്ളതെല്ലാം പഠിച്ചുവെന്ന നിഗമനത്തിലെത്തിയാൽ അറിവുനേടാനുള്ള വഴി മറക്കും. എന്തൊക്കെ ധനം ഉണ്ടെങ്കിലും വിദ്യാധനം ഒരിക്കലും നശിക്കുന്നതല്ല. ആയതിനാൽ അറിവിന്റെ ചക്രവാളം വികസിപ്പിച്ച് വിജയത്തിന്റെ താക്കോൽ കരസ്ഥമാക്കാൻ നമ്മുടെ വിദ്യാർത്ഥികൾക്കു കഴിയട്ടെ.

## ക്നാനായ കോൺഗ്രസ് 1675-ാം സിറിയൻ ക്നാനായ വാർഷികസംഗമം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടത്തിവരുന്ന സിറിയൻ ക്നാനായ വാർഷിക സംഗമം കോവിഡ് 19 മൂലം റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ 2020 മെയ് മാസത്തിൽ ക്രമീകരിച്ചിരുന്നത് നടത്തുവാൻ സാധിച്ചില്ല. കോവിഡ് മഹാമാരി തുടരുന്നതിനാൽ മൂന്നു ദിവസത്തെ പ്രോഗ്രാം ഒഴിവാക്കി 1675-ാം സിറിയൻ ക്നാനായ വാർഷിക സംഗമവും, മലങ്കര മർത്തോമ്മാ സഭയുടെ Rt. Rev. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് മർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കും, കോട്ടയം അതിരൂപതയുടെ സഹായ മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ അപ്രേം തിരുമേനിക്കും അനുമോദനവും, ത്രിതല പഞ്ചായത്ത് വിജയികൾക്ക് അനുമോദനവും, ക്നാനായ കോൺഗ്രസിന്റെ 2020-2021 പദ്ധതികളുടെ ഉദ്ഘാടനവും 2020 ഡിസംബർ 27 ഞായറാഴ്ച 3.30 p.m.ന് ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ വച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു. മന്നാവിഷൻ ടിം സംഗമം ലൈവ് ടെലകാസ്റ്റ് നടത്തുന്നതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്ന ഈ പ്രോഗ്രാമിൽ പരിമിതമായ ആളുകൾക്ക് മാത്രമാണ് പ്രവേശനം നൽകുന്നത്. ഈ പ്രത്യേക പശ്ചാത്തലത്തിൽ എല്ലാവരും online ലൂടെ ഒപ്പമായിരുന്ന് പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

## ക്രിസ്തുമസ് ഗാനം

മിന്നും താരകളേ.....
വിണ്ണിൻ താരകളേ......
നിങ്ങൾ അറിഞ്ഞൊ നിങ്ങൾ അറിഞ്ഞൊ
യേശു ജാതനായ്
ഹലേലുയ്യാ പാടിടാം (4)
വരിവരിയായ് വന്നീടുക
നിരനിരയായ് നിന്നീടുക
ആർത്തുഘോഷിക്കാം, ആനന്ദിച്ചീടാം,
മാനവനായ് യേശു വന്നു
കാഴ്ചകൾ നൽകാം
കൺനിറയെ കാണാം പൈതലേ കണ്ടു വണങ്ങാം
ഉള്ളത്തിൽ വരവേറ്റിടാം (ഹാലേലുയ്യാ) (4)
പുൽക്കൂട്ടിനുള്ളിൽ നിന്നും
കൺചിമ്മി നോക്കുന്നാപൈതൽ
ആർത്തുഘോഷിക്കാം ആനന്ദിച്ചീടാം
മാനവനായ് യേശു വന്നു
ഈ ധരണിയിൽ നമ്മെ രക്ഷിപ്പാൻ
മാനവനായ് യേശു വന്നു
ഉള്ളത്തിൽ വരവേറ്റിടാം (ഹാലേലുയ്യാ) (4)
(മിന്നും താരകളേ....)

**പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്**
**മള്ളൂശ്ശേരിൽ, റാന്നി**

## വയറ്റിപിഴപ്പോ രാഷ്ട്രനിർമ്മാണമോ രാഷ്ട്രീയം?

*10-ാം പേജ് തുടർച്ച*

**വിദ്യാഭ്യാസമാണ് ആദ്യം തെറ്റിയത്:**

വിദ്യാഭ്യാസം ചുരുങ്ങിയിടത്തു സ്വാർത്ഥത വികസിച്ചു. സ്വന്തം വിജയം മാത്രം ഉറപ്പാക്കുന്ന 'കോച്ചിംഗ്' കേന്ദ്രങ്ങളായി കലാലയങ്ങൾ വഴിമാറി. ഈ ഇടത്തിലാണ് ആർത്തിക്കും അഴിമതിക്കും അനീതിക്കും 'ആവേശം' വർദ്ധിക്കുന്നത്. മൂല്യങ്ങളും സാമൂഹിക കാഴ്ചപ്പാടും പൂർണ്ണമായും വിദ്യാഭ്യാസത്തിൽ നിന്ന് പടിയിറങ്ങി. മത്സര പരീക്ഷാകേന്ദ്രങ്ങളാണ് ഇന്ന് പള്ളിക്കൂടങ്ങൾപോലും! മാനവശേഷി വികസന ലക്ഷ്യത്തിലും നമ്മൾ ഒരുപാടു വഴിതെറ്റിയിരിക്കുന്നു. നല്ല മനുഷ്യരെ-പൗരനെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് ഫാക്ടറിയ്ക്കു വേണ്ട വിഭവസമാഹരണ താല്പര്യങ്ങളിലേക്കു മാത്രം വഴിമാറി.

"ചിന്താസ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുക, ആർക്കു മുന്നിലും അടിയറവ് വെക്കരുത്" (സക്കറിയ).

''നമ്മുടെ സ്വാതന്ത്ര്യം: ചിന്താസ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുക. അത് ആർക്കു മുന്നിലും അടിയറവ് വെക്കരുത്. വെറുപ്പും വിദ്വേഷവും പരത്തുന്ന ശക്തികളെ ശ്രവിക്കാതിരിക്കുക. അവരാൽ സ്വാധീനിക്കപ്പെടാതിരിക്കുക''. സക്കറിയ ഓർമ്മപ്പെടുത്തുന്നു.

പരസ്പരം 'തിരുത്തൽ' കേന്ദ്രങ്ങൾ ആകേണ്ടവർ: ഉദ്യോഗവൃന്ദവും, കോടതിയും, മാധ്യമങ്ങളും സത്യസന്ധമാണെങ്കിൽ എങ്ങനെയാണു രാഷ്ട്രീയത്തിന് അഴിമതി കാട്ടാൻ സാധിക്കുക? രാഷ്ട്രീയം സത്യമാണെങ്കിൽ എങ്ങനെയാണ് ഇത്രമേൽ അഴിമതിയും നീതിനിഷേധവും തിന്മയും രാജ്യത്തുണ്ടാവുക?

പലരും അവരുടെ നിലവാരത്തിലേക്ക് രാഷ്ട്രീയത്തെ താഴ്ത്തുകയാണ്. എങ്കിലും സാധാരണ മനുഷ്യൻ ശുഭാപ്തി വിശ്വാസിയാണ്. ഓരോ സർക്കാർ വരുമ്പോഴും പുതിയ നേതാക്കന്മാരെ കാണുമ്പോഴും പുതിയ മുദ്രാവാക്യം കേൾക്കുമ്പോഴും അവൻ വീണ്ടും നല്ലതു സ്വപ്നം കണ്ടു തുടങ്ങും. മാറ്റങ്ങൾ പ്രതീക്ഷിക്കും. ഈ പ്രതീക്ഷകളാണ് ജീവന്റെ തുടിപ്പ്. എന്നെങ്കിലും ഈ സാധാരണക്കാരന് വിലയുണ്ടാകുമോ?

**യുവതയിൽ നിക്ഷേപിക്കാം:**

സ്വന്തം നേട്ടങ്ങളും വിജയങ്ങളും പ്രധാനമാണ്. എന്നാൽ അതിനപ്പുറത്തേക്ക് യുവതയുടെ ഉള്ളിൽ നടക്കേണ്ടതായ ചില പോരാട്ടങ്ങളും സമരങ്ങളും ഉണ്ട്. നമ്മുടെ ചുറ്റുപാടിനോടും പ്രകൃതിയോടും സമൂഹത്തോടും കാലത്തോടും ലോകത്തോടും ഒക്കെ പുരോഗതിക്കായി നിലനിൽപ്പിനായി കലഹിക്കേണ്ടി വരും. നമ്മുടെ സാമൂഹിക സ്വഭാവം രൂപപ്പെടുക ഇത്തരം മനോവ്യാപാരങ്ങളിലൂടെയാണ്. ചിന്തകൾ വാക്കുകളിലേക്കും വാക്കുകൾ പ്രവർത്തിയിലേക്കും കടന്നു ചെല്ലും.

ഒരു വെല്ലുവിളിയെയുള്ളൂ.

സത്യവും മൂല്യവും സംരക്ഷിക്കണോ അതോ താല്പര്യങ്ങൾ സംരക്ഷിക്കണോ???

ഈ ദുഷിച്ച കാലഘട്ടത്തിലും മൂല്യങ്ങളും തത്വങ്ങളും ഉയർത്തിപ്പിടിച്ചു സാമൂഹിക സാംസ്കാരിക പരിരക്ഷയ്ക്കായി പരിശ്രമിക്കുന്ന ഒരുപറ്റം സുമനസ്സുകളെ വിസ്മരിക്കുന്നില്ല. അവരാണ് ഭൂമിയെ ഇപ്പോഴും അച്ചുതണ്ടിൽ തന്നെ പിടിച്ചുനിർത്തുന്നത്.

"True leaders never conform, they instead transform''

വയറ്റിപിഴപ്പോ രാഷ്ട്ര നിർമ്മാണമോ രാഷ്ട്രീയം?

രാഷ്ട്രമുണ്ടെങ്കിലേ ബാക്കിയെല്ലാമുള്ളൂ. എല്ലാ സ്ഥാപിത താല്പര്യങ്ങളും വ്യക്തി താല്പര്യങ്ങളും അതിനു താഴെ നിൽക്കട്ടെ. അറിവും, ശരിയായ സാമൂഹിക ധാരണയും പ്രതികരണ ശേഷിയുമുള്ളൊരു ജനതയാണ് ഒരു ജനാധിപത്യ രാജ്യത്തിന്റെ സൗന്ദര്യം. ●

# നക്ഷൽ ബാരിയിൽ ഒരു രാത്രി

ഏബ്രഹാം കല്ലിശ്ശേരി

A.T. മെയിലിലാണ് സിലിഗുരിക്ക് പോയത്. നക്ഷൽ ബാരിയിൽ ആദ്യത്തെ വെടി പൊട്ടിയതിന്റെ പിറ്റേ ദിവസം. തലേന്നു രാത്രി മഴ തകർത്തു പെയ്തു. ട്രാക്കെല്ലാം നനഞ്ഞു കുതിർന്നു കിടന്നിരുന്നു. അതുകൊണ്ടായിരിക്കണം അതിവേഗത്തിലോടേണ്ട A.T. മെയിൽ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നത്. ഇതെത്ര നേരമായി ഈ നീല വണ്ടിയിങ്ങനെ ചത്ത പെരുമ്പാമ്പിനെപ്പോലെ അനങ്ങാതെ കിടക്കുന്നു. ജോസേട്ടൻ സ്റ്റേഷനിലേക്കു പോയപ്പോൾ ഫസ്റ്റ്ക്ലാസ് കോച്ചിന്റെ വാതിൽക്കൽ ഹാൻഡിൽ പിടിച്ചുകൊണ്ട് വെറുതെ നോക്കി നിന്നു. സ്റ്റേഷന്റ പേര് വലുതും ചെറുതുമായ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നത് വായിച്ചു–'നക്ഷൽ ബാരി'. ഒരിക്കലും കേട്ടിട്ടില്ലാത്ത പേര്.

അല്പനേരം കഴിഞ്ഞ് ജോസേട്ടൻ തിരക്കിട്ടു വന്നു പറഞ്ഞു സൂസൻ വണ്ടിയിനി പോകില്ല. സെക്ഷനിൽ ബ്രിച്ച്.

കാര്യം പിടി കിട്ടാതെ ജോസേട്ടന്റെ മുഖത്തേക്കു നോക്കി.

'നക്ഷൻ ബാരി'ക്കും 'ഹാത്തിഗിഷക്കും ഇടയിൽ മഴവെള്ളപ്പാച്ചിൽ ട്രാക്ക് ഒലിച്ചു പോയിരിക്കുന്നു. അതു ശരിയാക്കാതെ വണ്ടിക്ക് പോകാനാകില്ല.

അത് ശരിയാക്കാനെത്ര സമയമെടുക്കും. നിങ്ങളും ഒരു റെയിൽവേ ഓഫീസറല്ലെ.

അതിൽ കാര്യമില്ല 'നാച്ചറൽ കലാമറ്റീസ്'ല്ലെ. ഒന്നും പറയാനാകില്ല.

ഞാൻ സ്റ്റേഷൻമാസ്റ്ററോടൊന്നു തിരക്കിയിട്ടു വരാം.

ജോസേട്ടൻ വീണ്ടും സ്റ്റേഷനിലേക്കു പോയി.

ദൈവമേ രാത്രി മുഴുവൻ ഇവിടിങ്ങനെ കഴിയേണ്ടി വന്നാൽ... ഓർക്കുമ്പോൾ ഭയം തോന്നുന്നു.

നല്ല മഴക്കാറുണ്ട്. ആകാശം ഇരുണ്ടുമൂടി.

നേരം പെട്ടെന്ന് സന്ധ്യയാകുന്നതുപോലെ. പുറത്തെങ്ങും വെളിച്ചമില്ല. ഈ സ്റ്റേഷൻ ഇലക്ട്രിഫൈഡ് അല്ലെന്നു തോന്നുന്നു. അതോ കറന്റു പോയതാണോ. ജോസേട്ടനെയൊട്ടു കാണുന്നുമില്ല. ഓരോന്നോർത്തങ്ങനെ പരിഭ്രമിച്ചു നിൽക്കുമ്പോൾ ജോസേട്ടൻ വന്നു. കൂടെ പോർട്ടറുമുണ്ട്. വന്നപാടെ പറഞ്ഞു:

വണ്ടി ഇന്നിനി പോകയില്ല. ലഗേജെല്ലാം പായ്ക്കു ചെയ്തോ. നമുക്ക് സ്റ്റേഷനിലോട്ടുപോകാം ഇവിടിങ്ങനെ ട്രെയിനിൽ കഴിയുന്നത് സേഫല്ല.

സ്റ്റേഷൻ മാസ്റ്ററുടെ ഓഫിസിനോടു ചേർന്നുള്ള ചെറിയ മുറിയിൽ എന്നെയിരുത്തിയിട്ട് ജോസേട്ടൻ റെയിൽവേ കൺട്രോൾ ഫോണിലൂടെ സംസാരിച്ചുകൊണ്ടിരുന്നു. സിലിഗുരിയിൽ റെയിൽവേയുടെ ഏരിയാ മാനേജരായി ചാർജെടുക്കാൻ പോകയല്ലെ. അതിനു മുമ്പെ തിരക്കായി.

മഴ പെയ്യാൻ തുടങ്ങിയതോടെ തണുപ്പ് തോന്നി. ഒരു ചായ കിട്ടിയെങ്കിൽ കൊള്ളായിരുന്നു. നല്ല വിശപ്പുണ്ട്. അപ്പോഴേക്കുമൊരാൾ പ്ലേറ്റിൽ ചൂടു സമോസയും രസഗുളയുമായെത്തി. മൺചട്ടിയിൽ ആവി പറക്കുന്ന ചായയും. തിന്നു കുടിച്ചപ്പോൾ അല്പമൊരാശ്വാസമായി.

വണ്ടി പോകയില്ലെന്നറിഞ്ഞപ്പോൾ യാത്രക്കാരെല്ലാം പ്ലാറ്റ്ഫോമിലിറങ്ങി തിരക്കായി. ആഹാരത്തിനുവേണ്ടി അങ്ങോട്ടുമിങ്ങോട്ടും ഓട്ടം തുടങ്ങി. സ്റ്റേഷനിലെ ചെറിയ സ്റ്റാളിലുണ്ടായിരുന്നതെല്ലാം തീർന്നു. ചിലർ പുറത്തുപോയി കിട്ടിയതൊക്കെ വാങ്ങി. സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസിലും ആളുകൾ അന്വേഷണങ്ങളുമായി തള്ളിക്കയറി. മറുപടി പറഞ്ഞു പറഞ്ഞു സ്റ്റേഷൻ മാസ്റ്റർ അവശനായി. ചിലർ സ്റ്റേഷൻ മാസ്റ്ററോടു തട്ടിക്കയറിയപ്പോൾ ജോസേട്ടൻ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി. എൻക്വയറി കൗണ്ടറോ പബ്ലിക്ക് അഡ്രസിംഗ് സിസ്റ്റമോ ഒന്നുമില്ലാത്ത സ്റ്റേഷനിൽ ഇതൊക്കെയേ പറ്റൂ.

രാത്രി 9 മണിയായപ്പോൾ സ്റ്റേഷൻ മാസ്റ്റർ വന്നു പറഞ്ഞു: ഇവിടുത്തെ നൈറ്റ്ഡ്യൂട്ടിക്കാരൻ സ്റ്റേഷൻ മാസ്റ്ററുടെ ക്വാർട്ടേഴ്സിൽ നിങ്ങൾക്ക് രാത്രി സുഖമായി കഴിയാം. ആളൊരു ബാച്ചിലറാണ്. ഒറ്റക്കു കഴിയുന്നു. പുറത്തെവിടെയോ പോയിരിക്കയാണ്. അയാൾ വന്നാലുടനെ നിങ്ങൾക്കങ്ങോട്ടു പോകാം.

9 മണിയായപ്പോൾ സ്റ്റേഷൻ പോർട്ടർ ഞങ്ങളെ സ്റ്റേഷൻ മാസ്റ്ററുടെ ക്വാർട്ടേഴ്സിലെത്തിച്ചു. കതകു തുറന്ന് അകത്തു കയറിയപ്പോൾ അത്ഭുതം തോന്നി. ഒരു ബാച്ചിലറുടെ ക്വാർട്ടേഴ്സ് എത്ര ഭംഗിയായി സൂക്ഷിച്ചിരിക്കുന്നു. മേശപ്പുറത്ത് കത്തിച്ചുവച്ചിരുന്ന ബ്രിട്ടീഷുകാരുടെ കാലത്തെ പഴയ പിത്തള വിളക്കിന്റെ തിരി പോർട്ടർ ഉയർത്തി വച്ചപ്പോൾ മുറി മുഴുവൻ പ്രകാശമായി.

ബാത്ത്റൂമിൽ ചൂടുവെള്ളം വച്ചിട്ടുണ്ട്. അവിടെ കുളിക്കാം. പോകുന്നതിനു മുമ്പ് പോർട്ടർ ബാത്ത്റൂം കാണിച്ചുതന്നു. എല്ലാം ഞങ്ങൾക്കുവേണ്ടി ഒരുക്കിയപോലെ. ഞങ്ങളിവിടെ താമസിക്കുമെന്ന് ഈ നൈറ്റ്ഡ്യൂട്ടിക്കാരൻ സ്റ്റേഷൻ മാസ്റ്റർ നേരത്തെ അറിഞ്ഞിരുന്നോ.

വിയർപ്പുമണമുള്ള ഡ്രസ് മാറുന്നതിനിടയിൽ ജോസേട്ടൻ പറഞ്ഞു: സൂസേ നീയാദ്യം കുളിച്ച് ഫ്രഷ് ആക്. ക്ഷീണിച്ചിരിക്കുകയല്ലെ.

കുളിച്ചു ഡ്രസുമാറി വന്നപ്പോൾ ബെഡ്റൂം ഞങ്ങളെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്നതുപോലെ. ബെഡിൽ പുതിയ ബെഡ്ഷീറ്റ് വിരിച്ചിരിക്കുന്നു. പില്ലോ കവറും മാറ്റിയിട്ടിട്ടുണ്ട്. മുറിക്കുള്ളിൽ ചന്ദനത്തിന്റെ നേർത്ത സുഗന്ധം. എല്ലാം ആശ്ചര്യത്തോടെ നോക്കി നിന്നു.

ജോസേട്ടൻ കുളി കഴിഞ്ഞ് വന്നപ്പോഴേക്കും സ്റ്റേഷനിൽനിന്നും വിളി വന്നു. ജോസേട്ടൻ പോയപ്പോൾ മുറിയുടെ കതകടച്ചു. കർട്ടനിട്ട ജനലിന്റെ പാളികൾ തുറന്നിട്ട് മേശക്കരികിൽ ഇട്ടിരുന്ന കസേരയിൽ അമർന്നിരുന്നു. ചുറ്റും കണ്ണോടിച്ചു. ഷെൽഫിൽ നിറയെ പുസ്തകങ്ങൾ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി. ഒന്നു രണ്ടു ബംഗാളി പുസ്തകങ്ങളും കണ്ടു. മേശപ്പുറത്തു കിടന്ന ഒരു മലയാളം വാരിക വെറുതെ മറിച്ചു നോക്കി. അതിന്റെ ഒരു പേജിൽ വടിവൊത്ത കൈയ്യക്ഷരത്തിലെഴുതിയിരിക്കുന്നു–"സ്നേഹം ദുഃഖമാണ്.

ഈ കൈയ്യക്ഷരം ഞാനെവിടെയോ കണ്ടിട്ടുണ്ടല്ലോ. സൂസൻ ആശ്ചര്യത്തോടെ ഓർത്തു നോക്കി. ഒരു മുഖം മാത്രം തെളിഞ്ഞു വരുന്നു. രാജു എന്നു വിളിപ്പേരുള്ള രാജൻ തോമസ്. എന്നാലും അവനെങ്ങനെ ഇവിടെ. ഒന്നും മനസ്സിലാകുന്നില്ല. പുസ്തകങ്ങൾക്കിടയിൽ ചികഞ്ഞു നോക്കി. പ്രത്യേകിച്ചൊന്നും കണ്ടു കിട്ടിയില്ല. ഒരു കാര്യം ഉറപ്പാണ്. ഇവിടെയൊരു മലയാളി താമസിക്കുന്നു.

ജനലിലൂടെ തണുത്ത കാറ്റ് അടിച്ചു കയറിയപ്പോൾ ആകാശത്തേക്കു നോക്കി. നക്ഷത്രങ്ങളില്ല. മഴക്കാർ വീണ്ടും ഉരുണ്ടു കൂടുന്നു. ഇനിയും മഴ പെയ്തേക്കും. അപ്പോൾ രാജുവിനെക്കുറിച്ചോർത്തു. സ്കൂൾ മാഗസിനിലേക്ക് അവനൊരു കഥയെഴുതിയപ്പോൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് തന്നെ കാണിച്ചിരുന്നു. ഇതിന്റെ അവസാന വാചകം ഇതായിരുന്നു. “സ്നേഹം ദുഃഖമാണ്” അന്നു മനസ്സിൽ പതിഞ്ഞ വാക്കുകൾ ഇന്നും ഒരു നോവുപോലെ ഉള്ളിൽ ഉടക്കി കിടക്കുന്നു.

തീരുമാനിച്ചുറപ്പിച്ച കല്യാണം നടക്കാതെ വന്നപ്പോൾ നാണക്കേടു കൊണ്ട് അവൻ നാടു വിട്ടതാണ്. പിന്നീട് യാതൊരു വിവരവുമില്ല. ഇപ്പോൾ ഏഴു വർഷം കഴിയുന്നു. കുറ്റബോധത്തോടെയല്ലാതെ ഓർക്കാൻ കഴിയുന്നില്ല. എല്ലാറ്റിനും കാരണം അപ്പനാണ്– പിശുക്കൻ ചാണ്ടി നാട്ടുകാരിട്ട പേരാണ്. പിശുക്കന്റെ മകൾ സൂസനും പിശുക്കി സൂസനായി. അതിനൊരു കാരണമുണ്ട്. ഞങ്ങളുടെ സ്കൂളിന് ഓടിടാൻ വേണ്ടി എല്ലാ കുട്ടികളും അഞ്ചു രൂപാ വീതം കൊടുക്കണമായിരുന്നു. അപ്പൻ എനിക്കു തന്നത് ഒരു രൂപ. അതു കൊടുത്തപ്പോൾ ക്ലാസ് ടീച്ചർ ഇട്ടി സാർ പറഞ്ഞു: – ഇത് മോടപ്പന് കൊടുത്തേക്ക്. മുറുക്കാൻ മേടിക്കാം. ഇട്ടിസാർ സ്വന്തം കൈയ്യിൽ നിന്നും അഞ്ചു രൂപായിട്ട് ക്ലാസിന്റെ മാനം കാത്തു. അതോടെ താനും പിശുക്കി സൂസനായി.

ഒന്നാം ക്ലാസു മുതൽ ഒന്നിച്ചു പഠിച്ചു. ഒരേ ഇടവകയിലെ അംഗങ്ങൾ. ക്വയറിലും സൺഡേസ്കൂളിലും ഒരുപോലെ പ്രവർത്തിച്ചു. പരസ്പരം ഇഷ്ടമായതു സ്വാഭാവികം. വീട്ടുകാർ ആലോചിച്ച് കല്യാണവും ഉറപ്പിച്ചു. വീട്ടിൽ നടത്തുന്ന ട്യൂഷൻ സെന്ററും കഥയെഴുത്തുമൊക്കെയായി രാജന് നല്ല വരുമാനമുണ്ടായിരുന്നെങ്കിലും സ്ഥിരമായൊരു ജോലിയില്ലായിരുന്നു. ഇഷ്ടക്കല്യാണമായതുകൊണ്ട് സ്ത്രീധനമൊന്നും കൊടുക്കേണ്ടല്ലോയെന്നു കരുതിയാണ് അപ്പൻ കല്യാണത്തിന് സമ്മതിച്ചത്. സൺഡേസ്കൂൾ സമാജത്തിന്റെ വാർഷികം കഴിഞ്ഞാലുടനെ കല്യാണം നടത്താനായിരുന്നു തീരുമാനം.

വാർഷികാഘോഷത്തിലെ താരങ്ങളായി താനും രാജുവും തിളങ്ങി. രാജു എഴുതിയ നാടകത്തിനു ഒന്നാം സമ്മാനം ലഭിച്ചു. അഭിനയത്തിലും ഗാനാലാപനത്തിലും താൻ ടോപ്പിലെത്തിയപ്പോൾ ആങ്കറിംഗിലും പ്രശംസ പിടിച്ചു പറ്റി.

വാർഷികം കാണാനെത്തിയവരുടെ കൂട്ടത്തിൽ അപ്പന്റെ കാഞ്ഞിരപ്പള്ളിക്കാർ ചില ബന്ധുക്കളും ഉണ്ടായിരുന്നു. അവർ മറ്റേതോ ആവശ്യത്തിന് വീട്ടിൽ വന്നതാണ്. സുന്ദരിയായ സൂസന്റെ പെർഫോമൻസ് കണ്ടപ്പോൾ കൂട്ടത്തിൽ വന്ന അമ്മായിക്ക് അവളെ ഇഷ്ടപ്പെട്ടു. ഇതുപോലെ സ്മാർട്ടായ ഒരു പെൺകുട്ടിയെ തേടി നടക്കുകയായിരുന്നു അവർ. റെയിൽവേയിൽ ക്ലാസ് –1. ഓഫീസറായ ഇളയ മകനോടു ചോദിച്ചു.

എടാ ജോസുട്ടിയേ നിനക്കീ പെങ്കൊച്ചിനെ ഇഷ്ടമായോ. ഇഷ്ടക്കേടിന് കാരണമൊന്നുമില്ലായിരുന്നു. ജോസുട്ടി സമ്മതം മൂളിയപ്പോൾ ഏറ്റവുമധികം സന്തോഷിച്ചത് അപ്പനായിരുന്നു. ചെറുക്കൻ കത്തോലിക്കനാണ്. അതു സാരമില്ല. ഒന്നും പുറത്തു കാണിക്കാതെ പറഞ്ഞു.

നിങ്ങളുടെ നിലക്കും വിലക്കുമനുസരിച്ച് സ്ത്രീധനം തന്ന് കല്യാണം നടത്താൻ എന്റെ കൈയ്യിൽ കാശൊന്നുമില്ല.

ഞങ്ങൾക്കു യാതൊന്നും വേണ്ട. പെണ്ണിനെയൊരുക്കി പള്ളിയിൽ കൊണ്ടു തന്നാൽ മാത്രം മതി.

ഒറ്റ പൈസ ചിലവില്ലാതെ ഇതുപോലൊരു ചെറുക്കനെ മരുമകനായി കിട്ടുക. പിശുക്കൻ ചാണ്ടിക്ക് മറ്റെന്തു വേണം. കേൾക്കാത്ത താമസം അയാൾ വാക്കു കൊടുത്തു. തന്റെ സങ്കടവും കണ്ണീരുമൊന്നും അപ്പന്റെ മനസ്സ് മാറ്റിയില്ല. കല്യാണത്തിനു വിളിക്കുമ്പോൾ രാജന്റെ അപ്പനോടു ചാണ്ടി പറഞ്ഞു: മറിയ നല്ല അംശം തിരഞ്ഞെടുത്തതുപോലെ ചാണ്ടിയും നല്ല അംശം തിരഞ്ഞെടുത്തു.

കല്യാണത്തിനും കല്യാണം കഴിഞ്ഞും രാജനെ കണ്ടില്ല. യാത്ര പറയാൻപോലും നില്ക്കാതെ അവനെങ്ങോട്ടോ പോയി. പിന്നീടൊരിക്കലും അവനെ കണ്ടില്ല.

മൂടിക്കെട്ടിയ ആകാശം പെയ്യാൻ തുടങ്ങുമ്പോൾ ജോസേട്ടൻ വന്നു. രണ്ടു ടിഫിൻ കാര്യറുകളിൽ ആഹാരവുമായി പോർട്ടറും പുറകെയെത്തി. ചൂടു മാറിയിട്ടില്ലാത്ത ചപ്പാത്തിയും മുട്ടക്കറിയും. കൂട്ടത്തിലൊരു സാലഡും അച്ചാറും. അച്ചാറുകൂട്ടിയപ്പോൾ മനസ്സിലായി. ഇത് നാടൻ നാരങ്ങാ അച്ചാറുതന്നെ. ആഹാരം കഴിച്ചു കഴിഞ്ഞപ്പോൾ മഴയത്ത് കുടപിടിച്ച് പോർട്ടർ വന്നു. ഫ്ളാസ്ക്കിൽ ചൂടുവെള്ളവുമായി. പോകാൻ നേരം പറഞ്ഞു:

ദർവാജാ ബന്ദ് കർക്കെ സോജാവോ സാബ്. ഫിർ പാനി പടേഗാ. (കതക് അടച്ചു കിടന്നോ സാബ്. ഇനിയും മഴ പെയ്യും.)

പോർട്ടർ പറഞ്ഞതുപോലെ രാത്രി മുഴുവൻ മഴ പെയ്തു. പുലർച്ചയാണ് ഒന്നു തോർന്നത്. രാവിലെ എഴുന്നേറ്റ് ഫ്രഷ് ആയിക്കഴിഞ്ഞപ്പോഴേക്കും പ്രഭാത ഭക്ഷണമെത്തി. പൂരിയും സബ്ജിയും, റോബസ്റ്റാ പഴവും.

പത്തുമണിയോടെ ഗുഡ്മോർണിംഗ് പറഞ്ഞുകൊണ്ട് നൈറ്റ്ഡ്യൂട്ടിക്കാരൻ സ്റ്റേഷൻ മാസ്റ്റർ ഡ്യൂട്ടി കഴിഞ്ഞെത്തി. അപ്പോൾ ജോസേട്ടനില്ലായിരുന്നു. സ്റ്റേഷനിൽ പോയിരുന്നു.

അല്പ നേരത്തെ മൗനത്തിനുശേഷം ചെറുപ്പക്കാരനായ സ്റ്റേഷൻ മാസ്റ്റർ അതിഥിയോടു ചോദിച്ചു:

ക്യാ, മോംസാബ് കോയി തക്‌ലീഫ് തൊ നഹിഹുയി.

(എന്താ മേംസാബ് അസൗകര്യമൊന്നുമുണ്ടായില്ലല്ലോ.)

ഹിന്ദിയിലാണവൻ സംസാരിച്ചത്. സൂസൻ ഇമവെട്ടാതെ അവനെത്തന്നെ നോക്കി നിന്നു. നീട്ടി വളർത്തിയ മുടി, പറ്റെ വെട്ടിയ താടി. ബുദ്ധി ജീവിയെപ്പോലെ തോളത്തെ തുണി സഞ്ചി. ഇതവൻ തന്നെ രാജൻ തോമസ്.

നീ ഏതു വേഷമിട്ടാലും ഏതെല്ലാം ഭാഷയിൽ സംസാരിച്ചാലും ഞാൻ നിന്നെ തിരിച്ചറിയും. വികാരസാന്ദ്രമായി സൂസൻ വിളിച്ചു: രാജു. നിസംഗഭാവത്തിൽ അവൻ ചോദിച്ചു.

ക്യാ മാഡം കുഛ് ചാഹിയേ. (എന്താ മാഡം വല്ലതും വേണോ.)

മറുപടി പറയാൻ കഴിയാതെ അവൾ അവനെത്തന്നെ നോക്കി നിന്നു.

എന്നാലും എന്നോടിത്ര ക്രൂരത വേണമായിരുന്നോ രാജു.

മേ രാജു നഹി. രാജേന്ദർ. ആജ് ക്യാ ഖാന ഹം ബംനേഗാ. (ഞാൻ രാജുവല്ല. രാജേന്ദർ. ഇന്നത്തെ ആഹാരം ഞാനുണ്ടാക്കാം.)

അവൻ അടുക്കളയിൽ കയറി ആഹാരം ഉണ്ടാക്കാൻ തുടങ്ങി. സഹായത്തിന് പോർട്ടറും എത്തി. സൂസൻ എല്ലാം നോക്കിനിന്നു. അവനിപ്പോൾ പഴയ രാജുവല്ല. പേരുപോലും മാറ്റിയിരിക്കുന്നു.

മഴ മാറി വെയിൽ തെളിഞ്ഞുവന്നു. സൂസൻ സ്റ്റേഷനിലേക്കു പോയി. വണ്ടി നാലുമണിയോടെ പോകുമെന്നറിഞ്ഞു. ജോസേട്ടനു മൊത്ത് പ്ലാറ്റ്ഫോമിലൂടെ നടക്കുമ്പോൾ അവൾ മനസ്സിന്റെ ഭാരം ഇറക്കി വച്ചു. എല്ലാ കഥകളും ജോസേട്ടനോടു പറഞ്ഞു.

ബംഗാളി സ്റ്റൈലിൽ വറുത്തു കറി വച്ച പുഴ മീനൊഴിച്ചാൽ ഉച്ചയൂണ് നാടൻ രീതിയിലായിരുന്നു. സാമ്പാർ, പപ്പടം, വാഴയ്ക്കാ തോരൻ, അച്ചാർ. എല്ലാ രാജേന്ദറെന്ന രാജൻ ഉണ്ടാക്കിയ വിഭവങ്ങൾ.

ഒന്നിച്ചിരുന്ന് ഊണു കഴിക്കുമ്പോൾ രാജൻ ചോദിച്ചു: മാഡം ഖാനാ കൈസേഹേ (ആഹാരം എങ്ങനെയുണ്ട്.)

–രാജു നീയീ വാത്മീകം പൊട്ടിച്ചൊന്നു പുറത്തു വരൂ.

പറയുമ്പോൾ സൂസന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഊണു കഴിഞ്ഞ് മൂവരും ഒരുമിച്ചിരുന്ന് രസഗുള കഴിച്ചു. ജോസേട്ടൻ രാജുവിന്റെ തോളിൽ തട്ടി:– ജീവിതം ഇങ്ങനെയൊക്കെയാണ് രാജു. സ്നേഹം ദുഃഖം മാത്രമല്ല മധുരവുമാണ്.

പിന്നീട് രാജൻ തോമസ് മലയാളത്തിൽ സംസാരിച്ചു. എല്ലാം. എല്ലാം. ജോസേട്ടൻ പറഞ്ഞു. ഒന്നും മറക്കാതെ എല്ലാം ഓർത്തുകൊണ്ട് നമുക്കിനി നല്ല സുഹൃത്തുക്കളായി കഴിയാം.

വൈകുന്നേരം നാലു മണിക്ക് ട്രെയിൻ വിട്ടു. യാത്രയാകുമ്പോൾ ജോസേട്ടൻ പറഞ്ഞു:–

– സിലിഗുരിയിൽ വരുമ്പോൾ ഞങ്ങളുടെ വീട്ടിൽ വരാൻ പിശുക്ക് കാണിക്കരുത്. മൂവരും ചിരിച്ചു. വണ്ടി കണ്ണിൽ നിന്നും മായുന്നവരെ രാജു നോക്കി നിന്നു. അപ്പോൾ അന്തിവെയിലിൽ ഹിമാലയത്തിലെ കാഞ്ചൻജംഗ തിളങ്ങുന്നത് കാണാമായിരുന്നു.

---

# സഹനം

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

വചനം ഹൃത്തിൽ നിറച്ചുകൊണ്ട്
വിശ്വാസ ജീവിത തോണിയിലേറി
ദിവ്യ കാരുണ്യം സ്വീകരിച്ചാൽ
ആത്മാവു ക്ഷേമത്തിലായിടുമേ.

വിശ്വാസം ഹൃത്തിൽ നിറഞ്ഞിടുമ്പോൾ
നീതി, വിശുദ്ധി, മഹത്വം കിട്ടി
പുണ്യ പ്രവൃത്തികൾ ചെയ്തുകൊണ്ട്
ക്രിസ്തുവിൽ ബന്ധം ഉറച്ചിടുന്നു.

സ്നാനത്താൽ രക്ഷയിലായവരെ
പൂർണ്ണ വിശുദ്ധരായിടുവാൻ
കൂദാശകൾ നൽകിക്കൊണ്ടീശൻ
സഹനത്തിൽ ചൂളയിലാക്കിടുന്നു.

സഹനത്തെ സന്തോഷമാക്കിടുവാൻ
പരിശുദ്ധ റൂഹാ ഇറങ്ങി വരൂ
നിൻ ദയ എന്നിൽ നിറച്ചുകൊണ്ട്
പിതൃപുത്ര ബന്ധം ഉറപ്പിച്ചീടു

സഹനങ്ങൾ ഭാഗ്യമായിടുന്നു
സഹനത്തെ വാരിപ്പുണരുന്നവർ
ആത്മ ധൈര്യം നേടിക്കൊണ്ട്
ദൈവത്തിൻ യോഗ്യത നേടിടുന്നു.

ദൈവത്തിൻ യോഗ്യത നേടിയവർ
വിശ്വാസം പ്രത്യാശ, സ്നേഹവുമായി
ക്രിസ്തീയ ജീവിതം പാലിച്ചുകൊണ്ട്
സ്വർഗ്ഗരാജ്യം നേടിടുന്നു.

കിട്ടിയ അടിയും നിന്ദയും തുപ്പലും
സന്തോഷത്തോടെ സ്വീകരിച്ച
ദിവ്യകാരുണ്യമേ വന്നിടുക
നിൻ സ്നേഹം എന്നിൽ നിറച്ചിടുക.

ദൈവമക്കൾക്ക് അതിരുണ്ട് മക്കളെ
അതിരു വിട്ടാൽ സാത്താൻ പിടിക്കും
ഗദ്റ ദേശത്തെ ഭൂതത്തെപ്പോൽ
ക്രമംകെട്ട ജീവിതം നയിച്ചിടുമേ.

ദൈവത്തിൽ യോഗ്യത നേടിയവർ
വിശുദ്ധ പദവിയിലെത്തിക്കൊണ്ട്
സ്വർഗ്ഗരാജ്യത്തിൽ കെട്ടുപണിയ്ക്കായി
ലോക മക്കൾക്കായി പ്രാർത്ഥിക്കുന്നു.

സഹനം സന്തോഷമാക്കിടുവാൻ
സ്വർഗ്ഗീയ നാഥാ ജ്ഞാനം തരൂ!
ബലഹീന പാത്രം നിറച്ചുകൊണ്ട്
ശത്രുവിൽനിന്നും രക്ഷിച്ചീടു!

# ക്നാനായ കോൺഗ്രസ് വാർത്തകൾ

**ക്നാനായ കോൺഗ്രസിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് (സാന്ത്വനം 2020) ജേക്കബ് തോമസ് കറുകപ്പറമ്പിൽ, വെളിയനാട് ഒരു സർജറിക്കൽ കട്ടിലും ബെഡും നൽകുകയുണ്ടായി. മാന്യദേഹത്തോടുള്ള നന്ദി അറിയിക്കുന്നു.**

**ക്നാനായ കോൺഗ്രസിന്റെ ലഹരിവിമുക്തി ചികിത്സാ പദ്ധതിയുടെ (മുക്തി 2020) ഭാഗമായി രണ്ട് ചെറുപ്പക്കാരെ ചികിത്സിച്ച് അമിതമായ മദ്യപാനശീലത്തിൽ നിന്ന് മുക്തമാക്കി.**

മല്പാനോടു ചോദിക്കാം

# ക്രിസ്മസ് ആഘോഷത്തിന്റെ ചരിത്രമെന്ത്?

ക്രിസ്റ്റസ്-മെസ്സെ (Christes Masse) എന്നീ രണ്ട് ഇംഗ്ലീഷ് വാക്കുകൾ ചേർന്നാണ് ക്രിസ്മസ് (ക്രിസ്തുമസ്) എന്ന പദം ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ ജനനം അഥവാ ആഗമനം എന്നാണ് ഈ പദത്തിന്റെ അർത്ഥം.

ക്രിസ്തോസ് എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ക്രിസ്തു എന്ന പദം ഉണ്ടായത്. ഇതിന്റെ എബ്രായപദം മിശിഹാ എന്നാണ്. ക്രിസ്തോസ്, മിശിഹാ എന്നീ രണ്ടു പദങ്ങളുടേയും അർത്ഥം അഭിഷിക്തൻ എന്നാണ്. പഴയനിയമകാലത്ത് രാജാക്കന്മാരേയും പ്രവാചകന്മാരേയും പുരോഹിതന്മാരേയും ദൈവം തിരഞ്ഞെടുത്തു എന്നതിന്റെ അടയാളമായി എണ്ണകൊണ്ട് അഭിഷേകം ചെയ്തിരുന്നു. പുതിയനിയമകാലത്ത് അപ്പോസ്തോലിക സഭകളിൽ സ്നാനം (മാമോദീസ) ഏൽക്കുന്ന വ്യക്തിയെ തൈലംകൊണ്ട് അഭിഷേകം ചെയ്യാറുണ്ട്. ദൈവത്താൽ വിളിക്കപ്പെട്ട് ക്രിസ്തുവിന്റെ രാജകീയ പുരോഹിതവർഗ്ഗത്തിൽ അംഗമായി എന്നതിന്റെ സൂചനയായി സന്തോഷതൈലം കൊണ്ടും, പരിശുദ്ധാത്മ നൽവരത്തിന്റെ അടയാളമായി പരിശുദ്ധമൂറോൻ തൈലംകൊണ്ടും അഭിഷേകം ചെയ്യുന്നു.

ക്രിസ്തുവിന്റെ ജനനം എന്നു നടന്നു എന്ന് ആർക്കും കൃത്യമായി പറയാൻ സാധിച്ചിട്ടില്ല. വസന്ത സമരാത്രിദിനമായ (Spring Equiox) മാർച്ച് 25-ാം തീയതി ഗബ്രിയേൽ മാലാഖ മറിയാമിനു പ്രത്യക്ഷപ്പെട്ട് വചനിപ്പ് അറിയിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. ആ വചനം മറിയാമിന്റെ കാതുകളിലൂടെ അവളുടെ ഉദരത്തിൽ പ്രവേശിച്ച നിമിഷത്തിൽതന്നെ അവൾ ഗർഭവതിയായി. വചനിപ്പു നടന്ന മാർച്ച് 25 മുതൽ ഒമ്പതു മാസം തികഞ്ഞ ഡിസംബർ 25 ന് ക്രിസ്തു ജനിച്ചു എന്നു കണക്കാക്കി ആ ദിവസം ക്രിസ്തുവിന്റെ ജനനപ്പെരുന്നാളായി ക്രൈസ്തവർ ആഘോഷിക്കുന്നു.

ഡിസംബർ 25 എന്ന തീയതിയ്ക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. റോമാക്കാർ സൂര്യദേവന്റെ ജന്മദിനം ദക്ഷിണായനവുമായി ബന്ധപ്പെടുത്തി ഡിസംബർ 25 മകര സംക്രമദിനമായി (Winter Solistice) ആചരിച്ചു വന്നിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യഥാർത്ഥസൂര്യൻ (വെളിച്ചം) ക്രിസ്തുവായതിനാൽ ആ ദിവസം ക്രൈസ്തവോചിതമായി ആചരിക്കാൻ തുടങ്ങി എന്നൊരു പാരമ്പര്യവിശ്വാസവും നിലവിലുണ്ട്.

**ക്രിസ്മസ് കരോൾ**

ക്രിസ്തുവിന്റെ ജനനത്തെ സൂചിപ്പിച്ച് ക്രിസ്മസ്കാലത്ത് ആലപിക്കുന്ന സമൂഹഗാനമാണ് ക്രിസ്മസ് കരോൾ എന്നറിയപ്പെടുന്നത്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന ദൈവദൂതസന്ദേശമാണ് കരോൾ ഗാനങ്ങളുടെ ഉള്ളടക്കം, ലോകരക്ഷകനായ യേശു ബേത്‌ലഹേമിൽ ജനിച്ചു എന്ന സത്‌വാർത്ത ലോകമെങ്ങും അറിയിക്കുകയാണ് കരോളിന്റെ ലക്ഷ്യം.

**ക്രിസ്മസ് കാർഡ്**

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് മ്യൂസിയം ഡയറക്ടറായിരുന്ന ഹെൻറി കോളിൻ ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കത്തുകൾ എഴുതിവന്നിരുന്നു. കൂടുതൽ കത്തുകൾ എഴുതുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് കോളിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സുഹൃത്തായ ജോൺ ഹോൾസ്‌ലി ക്രിസ്മസിന്റേയും നവവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട് ചിത്രങ്ങളോടുകൂടിയ ആശംസാകാർഡ് 1843 ൽ നിർമ്മിച്ചു. ഇതാണ് ആദ്യത്തെ ക്രിസ്മസ് കാർഡ്. അഞ്ച് ഇഞ്ച് നീളവും മൂന്ന് ഇഞ്ച് വീതിയും ഉള്ളതും ചിത്രങ്ങളോടുകൂടിയതുമായ ഈ കാർഡിൽ “A Merry Christmas and a happy New year” എന്ന് രേഖപ്പെടുത്തിയിരുന്നു. പിന്നീട് പല തരത്തിലുള്ള ആശംസാകാർഡുകൾ അച്ചടിച്ച് വ്യാപാരം തുടങ്ങി. 1949 ൽ ലോകശിശുക്ഷേമ സംഘടന ക്രിസ്തുമസ് കാർഡുകൾ വിറ്റ് 50 കോടിയിലധികം രൂപാ സമാഹരിച്ച് 115 രാഷ്ട്രങ്ങളിലെ കുട്ടികളെ സഹായിച്ചു..

ക്രിസ്മസ് കാലഘട്ടങ്ങളിൽ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ക്രിസ്മസ് കാർഡുകൾ അയയ്ക്കുന്ന പതിവ് ജാതിമത ചിന്തകൾക്കതീതമായി ഇന്ന് സാർവ്വത്രികമായിരിക്കുന്നു.

**ക്രിസ്മസ് ട്രീ**

നിത്യഹരിതമായ പൈൻവൃക്ഷം നിത്യജീവദായകനായ യേശുവിന്റെ പ്രതീകമായി അംഗീകരിച്ചതാണ് ക്രിസ്മസ് ട്രീ. യേശുവിന്റെ ജനനത്തിന്റെ അനുസ്മരണം ആഘോഷിക്കുന്ന ക്രിസ്മസ് കാലത്ത് ദേവാലയങ്ങളുടേയും ഭവനങ്ങളുടേയും അകത്തും പുറത്തും ഒക്കെ പൈൻ വൃക്ഷങ്ങളുടെയോ അത് ലഭ്യമല്ലാത്ത സ്ഥലത്ത് മറ്റേതെങ്കിലും വൃക്ഷക്കൊമ്പുകളോ അലങ്കരിച്ച് നിർത്തുന്ന രീതി ഉണ്ട്.

**ക്രിസ്മസ് ഫാദർ**

എ. ഡി. 3-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏഷ്യ മൈനറിലെ ലൈസിയായിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധനായിരുന്നു നിക്കോളോസ്. അദ്ദേഹം വിദ്യാർത്ഥികളുടേയും നാവികരുടേയും പ്രാർത്ഥനാ മദ്ധ്യസ്ഥനായി അറിയപ്പെട്ടിരുന്നു. കുട്ടികളുടെ വിശുദ്ധൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം ക്രിസ്മസ് രാത്രിയിൽ ഭവനങ്ങൾ സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരങ്ങൾ സമ്മാനിച്ചിരുന്നു. ഈ വിശുദ്ധനായ നിക്കോളോസാണ് ക്രിസ്മസ് ഫാദർ, സാന്താക്ലോസ് തുടങ്ങിയ സങ്കല്പങ്ങളിൽ ക്രിസ്മസ്കാലത്ത് ആകർഷകവേഷവിധാനത്തോടെ വരുന്നത്. സാന്ത നിക്കോളാസ് (വിശുദ്ധനായ നിക്കോളാസ്) എന്ന ഡച്ചു നാമത്തിൽ നിന്നാണ് സാന്താക്ലോസ് എന്നു പേരുണ്ടായത്.

**ക്രിസ്മസ് സ്റ്റാർ**

റോമാക്കാർ സൂര്യോത്സവത്തോടനുബന്ധിച്ച് വീടും പരിസരവും ഒക്കെ വൃത്തിയാക്കി ദീപങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. നീതിയിൻ സൂര്യനാകുന്ന ക്രിസ്തുവിന്റെ ജനനത്തിന് അടയാളമായി ആകാശത്ത് ഉദിച്ച നക്ഷത്രം കണ്ട് കിഴക്കോട്ടുയാത്ര ചെയ്താണ് ജ്ഞാനികളായ വിദ്വാന്മാർ ബേത്‌ലഹേമിൽ എത്തിയതും യേശുവിനെ കണ്ടതും. ആയതിനാൽ ക്രിസ്മസ് ആഘോഷനാളുകളിൽ ഭവനങ്ങളിലും ദേവാലയങ്ങളിലും എല്ലാം ക്രൈസ്തവർ നക്ഷത്രദീപം തെളിയിക്കുന്നു.



# മലർവാടിക്കൂട്ടം

പണ്ട് ഒരു അണ്ടൻ കാക്ക ഉണ്ടായിരുന്നു. മിനുക്കം തെല്ലു മില്ലാത്ത കറുത്ത നിറമാണ് അതിന്. സാധാരണ കാക്കയുടെ ഇരട്ടി കറുപ്പും, ഇരട്ടിമുഴുപ്പും കാണാം. കണ്ടാൽ ശകുനപ്പി ഴയാണ്. ശ്മശാനത്തിലാണ് താമസം. മൃതദേഹങ്ങളാണ് ആഹാരം. ഒരിക്കൽ അത് അകലെയുള്ള കാട്ടിൽ പോയി. അവിടെ ഒരു തടാകത്തിൽ കുറെ അരയന്നങ്ങൾ നീന്തിക്ക ളിക്കുന്നുണ്ടായിരുന്നു.

എത്ര നല്ല വെളുത്ത പക്ഷികൾ. അണ്ടൻ കാക്ക ചിന്തി ച്ചു. ഈ തടാകത്തിലെ വെള്ളത്തിന് ദിവ്യമോ മാന്ത്രികമോ ആയ എന്തെങ്കിലും പ്രത്യേകത കാണും. എനിക്കും അങ്ങനെ ഒരു വെളുത്ത പക്ഷിയാകണം. ഉടനെ അത് തടാ കത്തിൽ ഇറങ്ങി. ചിറകിട്ടടിച്ച് വിശദമായ കുളിയും തുടങ്ങി.

ദിവസങ്ങൾ പലത് കടന്നു പോയി. കുളിച്ചിട്ടും കുളിച്ചിട്ടും കാക്ക വെളുത്തില്ല. തൂവലുകളുടെ നിറം പോലും പഴയതു പോലെ കറുപ്പാണ്.

നിരന്തരമായ അദ്ധ്വാനം അണ്ടൻ കാക്കയെ വല്ലാതെ ക്ഷീണിപ്പിച്ചു. പതിവുള്ള ഭക്ഷണവും മുടങ്ങി. ഒരു ദിവസം ക്ഷീണം മൂലം അതിന് തടാകത്തിൽ നിന്നും പറന്നു പൊങ്ങുവാൻ കൂടി കഴിഞ്ഞില്ല. അത് ആ വെള്ളത്തിൽ തന്നെ പിടഞ്ഞു മരിച്ചു.

*(പ്രകൃതിദത്തമായ ഒരു ഗുണവും പരിശ്രമംകൊണ്ടോ നിർബന്ധം കൊണ്ടോ മാറ്റാവുന്നതല്ല.)*

*കൊച്ചേട്ടൻ*

# ബാലദീപം ഉത്തരങ്ങൾ

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**നവംബർ മാസത്തിലെ ഉത്തരങ്ങൾ**

1. യിസ്രായേൽ (യിരെ.2:3)
2. പുള്ളിപ്പുലി (യിരെ.13:23)
3. യിരെമ്യാവ് (1:18)
4. ഒരു ദിവസം (യിരെ.20:3)
5. ഭക്തിയും സ്നേഹവും (യിരെ.2:2)
6. ശവസംസ്ക്കാരത്തിന്റെ അവസാനം
7. അനുതാപം.
8. ഭൂതം ബാധിച്ച മനുഷ്യൻ (മർക്കോ.5:7)
9. ബെയെസെബൂൽ (മർക്കോ.3:22)
10. നീ ദൈവപുത്രൻ എന്നു പറഞ്ഞു (മർക്കോ.3:11)

# ക്രിസ്തീയ ദൗത്യം

**ആൻഡ്രൂസ് പി. ജോർജ്ജ്, പ്ലാതോടത്തിൽ**

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ ഒരു ദൗത്യം ഏല്പിച്ച് ഈ ലോകത്തിലേയ്ക്ക് ആക്കിയിരിക്കുന്നു. ആ ദൗത്യം നിറ വേറ്റുവാൻ നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. മറ്റു ള്ളവരെ സ്നേഹിക്കുവാൻ നമ്മൾക്ക് കഴിയണം. ദൈവം സ്നേഹമാകുന്നതുപോലെ ഓരോ ക്രിസ്ത്യാനിയും മറ്റു ള്ളവരിലേയ്ക്ക് സ്നേഹം പകർന്നു കൊടുക്കുന്നവരായി രിക്കണം. ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഭാരങ്ങളും, പ്രയാസങ്ങളും, രോഗങ്ങളും, ദുഃഖങ്ങളും നിറഞ്ഞതാണ്. അതിനെ അതിജീവിക്കുവാനുള്ള കഴിവ് ഓരോ ക്രിസ്ത്യാനിക്കും ഉണ്ടായിരിക്കണം. പ്രതിസന്ധികളിൽ തളർന്നു പോകുവാൻ ഇടയാകരുത്.

ഇയ്യോബിന്റെ ജീവിതം നാം പഠിക്കുമ്പോൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിത ദൗത്യം എന്താ ണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഇയ്യോബ് ദൈവത്തെ അറിഞ്ഞ് ദൈവഹിതം അനുസരിച്ച് ജീവിച്ചപ്പോൾ ഇയ്യോ ബിന് മക്കൾ നഷ്ടമായി. തനിക്ക് സ്വന്തമായി ഉണ്ടായി രുന്ന വസ്തുവകകൾ, ആടുമാടുകൾ എല്ലാം നഷ്ടമായി. അവസാനം ഇയ്യോബ് രോഗിയായി തീർന്നു. ഇയ്യോ ബിന്റെ ജീവിതം വേദനയിലൂടെയും ദുഃഖത്തിലൂടെയും കടന്നുപോയി. സ്വന്തം ഭാര്യപോലും ഇയ്യോബിനോട് ഇനിയും ഈ വിശ്വാസം ഉപേക്ഷിക്കുവാൻ നിർബന്ധിപ്പി ക്കുമ്പോഴും ദൈവത്തിൽ ഉറച്ച് വിശ്വസിച്ച് തന്റെ ക്രിസ്തീയ ദൗത്യം സത്യസന്ധമായി നിറവേറ്റിയപ്പോൾ ദൈവം ഇയ്യോബിന് പഴയതിലും പതിന്മടങ്ങായി അനു ഗ്രഹം കൊടുക്കുന്നതായി കാണുവാൻ കഴിയുന്നു.

നമ്മുടെ ജീവിതത്തിൽ ഇത് പ്രാവർത്തികമാക്കു വാൻ കഴിയുമോ? ഇന്ന് ക്രിസ്ത്യാനിയെന്ന് അഭിമാന ത്തോട് പറയുന്ന നമ്മുടെ ജീവിതം യഥാർത്ഥത്തിൽ ക്രിസ്തീയ മാർഗ്ഗത്തിലൂടെയാണോ? പതിറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടുന്ന നാം നിസ്സാര പ്രതിസന്ധി കളിൽ താൽക്കാലിക ലാഭത്തിനുവേണ്ടി നമ്മുടെ വിശ്വാസം വിട്ടുകളയുന്നവരല്ലേ. കർത്താവിന്റെ ശിഷ്യനാ യിരുന്ന യൂദായുടെ അവസ്ഥയിലാണോ നാം നിൽക്കു ന്നത്. മുപ്പത് വെള്ളിക്കാശിന് ദൈവത്തെ ഒറ്റിക്കൊടുത്ത യൂദായെപ്പോലെ സ്വന്തവിശ്വാസം തള്ളിപറഞ്ഞ് പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി പോകുമ്പോൾ ഓർക്കുക വലിയ തെറ്റിലേക്കാണ് നാം പോകുന്നതെന്ന്. യൂദായുടെ അനുഭവം നമ്മൾക്ക് ഉണ്ടാകുവാൻ ഇടയാകരുത്. വിശ്വാ സത്തിൽ ഉറച്ച് പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോ ട്ടു പോകുമ്പോൾ മാത്രമെ നമ്മൾക്ക് ക്രിസ്തീയ ദൗത്യം പൂർണ്ണമായി നിറവേറ്റുവാൻ കഴിയുകയുള്ളൂ.

നമ്മുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയുള്ളതായി ജീവിച്ച് ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ച് ദൈവം നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം നിറവേറ്റു വാൻ നമ്മൾക്ക് കഴിയുമാറാകട്ടെ.

## 5 – ാം ചരമവാർഷികം

21 – 12 – 2020



## വി. എസ്. ജയിക്കബ്കുട്ടി

വാഴൂത്ര, കുറിച്ചി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## 17 – ാം ചരമവാർഷികം

4 – 11 – 2020

## 1 – ാം ചരമവാർഷികം

1 – 12 – 2020



**എം. എ. ഇടിക്കുള**

**അച്ചാമ്മ ഇടിക്കുള**

മനയ്ക്കപ്പറമ്പിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt -O

## 25 – ാം ചരമവാർഷികം

7 – 11 – 2020

## 24 – ാം ചരമവാർഷികം

6 – 10 – 2020





**തോമസ് ചാക്കോ**

**പെണ്ണമ്മ ചാക്കോ**

നൊച്ചുമണ്ണിൽ,
റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 – ാം ചരമവാർഷികം

18 – 12 – 2020



## തോമസ് പുന്നൂസ് (ജോയി)

ഉഴുമണ്ണിൽ, ഐത്തല, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -O

3 – ാം
ചരമവാർഷികം
07 – 12 – 2020

50 – ാം
ചരമവാർഷികം
18 – 01 – 2021





ചാച്ചിക്കുട്ടി ഉണ്ണിട്ടൻ    കെ. സി. ഉണ്ണിട്ടൻ

കരിപ്പാലിൽ, തിരുവൻവണ്ടൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt - S

1st Death Anniversary
18 – 12 – 2020



തങ്കമ്മ തോമസ്
കൂഴിപറമ്പിൽ ജോസ് വില്ല, മഞ്ഞാടി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

29 – ാം ചരമ വാർഷികം
26 – 12 – 2020



Rev. Fr. P. I. Abraham
Parackamannil, Kattodu
(Rtd.Headmaster, National High School, Vallamkulam)

"കർത്താവേ നീ
തലമുറതലമുറയായി
ഞങ്ങളുടെ
സങ്കേതമായിരിക്കുന്നു"



6 – ാം ചരമ വാർഷികം
7 – 1 – 2021



അച്ചാമ്മ ഏബ്രഹാം
പാറയ്ക്കാമണ്ണിൽ
(Boston USA)

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ കുടുംബാംഗങ്ങൾ"

Advt - O

## 40 – ാം ചരമദിനം

12 – 12 – 2020



## മറിയാമ്മ ചാക്കോ

കളത്തിൽ, കഞ്ഞിക്കുഴി, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## First Death Anniversary

18-12-2020



## Kunjoonjamma Mathews

Wife of late **P. A. Mathews**

Kannathumuriyil, Bangalore

(Vaniyadathu)

*Fondly remembered & deeply missed*
*by sorrowing family.*

Advt - O

## 12th Death Anniversary

12 – 12 – 2020

## 7th Death Anniversary

26 – 11 – 2020



**Mathew Abraham**

**Chinnamma Abraham**

**Thundiparampil (Pallikkal)**
**Angadi, Ranni (U.S.A)**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## ഒന്നാം ചരമവാർഷികം

11 – 12 – 2020



## കുഞ്ഞമ്മ ജോസഫ്

വേണാട്ട്, തുരുത്തിക്കാട്

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ'

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 –ാം ചരമവാർഷികം

19-12-2020



## P.I. Abraham

**കുന്നത്തിലായ പത്തിൽചിറയിൽ**

**കുറിച്ചി**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40th Day of Demise

25 – 12 – 2020



## SUNNY MATHEW

**Thonnamkuzhiyil (H)**
**Ramamangalam**

Advt - R

By Sorrowing Family



## 51 –ാം ചരമ വാർഷികം

22 – 12 – 2020

# തകിടിയിൽ
# യാക്കോബ് കശ്ശീശാ

“ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

Inserted by
**St. Mary's Shalem Church, Chingavanam**

Advt -G



## 8 –ാം ചരമ വാർഷികം

26 – 12 – 2020

# ചിന്നമ്മ തോമസ്

**ഇടയാടിയിൽ, ഐത്തല, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

| | | |
|---|---|---|
| ഭർത്താവ് | : | Abraham Thomas |
| മക്കൾ | : | Lovely, Biju, Shiney, Binu |
| മരുമക്കൾ | : | Sajan, Priya, Sanjayan, Smitha |
| കൊച്ചുമക്കൾ | : | Elvis, Edwin,Sherin, Angel, Arnold, Edric, Eric |

Advt - S

## 11 – ാം ചരമവാർഷികം

18 – 12 – 2020



# P. I. Mathewkutty

**Parackamannil, Kattode**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 4 – ാം ചരമവാർഷികം

20 – 12 – 2020



# സുഭാഷ് ചാക്കോ

**പുതിയാപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ...

ജൂലി സുഭാഷ്

Advt - S

## 1 –ാം ചരമവാർഷികം
19 – 12 – 2020



### പി.കെ. മാത്യു
### (ബേബി ആനിയ്ക്കൽ)

## 18 –ാം ചരമവാർഷികം
08 – 12 – 2020



### ശോശാമ്മ കുര്യൻ

**ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം**

**(Amson Group)**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



**സ്നേഹസ്മരണയ്ക്ക്**

## 4 –ാം ചരമവാർഷികം
16 – 12 – 2020

### രാജു മാത്യു
**ആശാംപറമ്പിൽ**

**U.S.A**

ഞാൻ നിങ്ങളിൽ നിന്നു അകന്നു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി
ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ....

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 9 – ാം ചരമവാർഷികം

01 – 01 – 2021



# തങ്കമ്മ ഏബ്രഹാം

വള്ളംകുളത്തായ വേലുകിഴക്കേതിൽ

റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 41 – ാം ചരമദിനം

11 – 12 – 2020



# M.K. Joy (87)

(Joychettan)

